# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 24 ലക്കം 12 പേജ് 6 2018 ഏപ്രിൽ 15



2 റവ. ഡോ. വി.സി. ശമുവേൽ കേരളം ലോകത്തിനു സമ്മാനിച്ച മഹാൻ

3 പാമ്പാടി തിരുമേനി : ദൈവസ്നേഹത്തിന്റെയും എളിമയുടെയും ആൾരൂപം

4 കാതോലിക്കാദിനാഘോഷത്തിന്റെ പ്രസക്തി

5 തോമ്മാശ്ലീഹായുടെ വരവും മതംമാറിയ ബ്രാഹ്മണരും


## കണ്ടനാട് ഈസ്റ്റ് ഭദ്രാസന കുടുംബസംഗമവും ഭദ്രാസനദിനവും പുസ്തക പ്രദർശനവും



മൂവാറ്റുപുഴ : കണ്ടനാട് ഈസ്റ്റ് ഭദ്രാസന കുടുംബസംഗമം പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ഇടവക മെത്രാപ്പോലീത്താ ഡോ.തോമസ് മാർ അത്താനാസിയോസ് അദ്ധ്യക്ഷത വഹിച്ചു. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സുരേന്ദ്ര മോഹൻ മുഖ്യ പ്രഭാഷണം നടത്തി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ.ജോസഫ് മാർ ദീവന്നാസിയോസ്, ഡോ.ജോഷാമാർ നിക്കോദിമോസ്, വൈദികട്രസ്റ്റി ഫാ. ഡോ.എം.ഒ.ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഭദ്രാസന സെക്രട്ടറി ഫാ.ഏബ്രഹാം കാരമ്മേൽ സ്വാഗതവും വെരി.റവ.കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാച്ചൻ നന്ദിയും പറഞ്ഞു.

## വെട്ടിത്തറ ഓർത്തഡോക്സ് പള്ളിയിൽ ഹൈക്കോടതിവിധിയെ തുടർന്ന് പോലീസ് സംരക്ഷണയിൽ ശവസംസ്ക്കാരം

പിറവം : കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട വെട്ടിത്തറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഹൈക്കോടതി വിധിയെ തുടർന്ന് മരിച്ച് ആറാം ദിവസം പോലീസ് സംരക്ഷണയിൽ മൃതദേഹ സംസ്ക്കാരം നടന്നു. വെട്ടിത്തറ ഇടവകാംഗമായ വാഴത്തോട്ടത്തിൽ സി.ജെ.പൈലിയുടെ (87) സംസ്ക്കാരമാണ് പോലീസ് സംരക്ഷണയിൽ നടന്നത്. കക്ഷിവഴക്ക് നിലനിൽക്കുന്ന ഈ ദേവാലയത്തിൽ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ കോടതിവിധി ഉണ്ടായത് അടുത്തകാലത്താണ്. പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട വൈദികർ പള്ളിയിൽ പ്രവേശിക്കുന്നതിനെ കോടതി നിരോധിക്കുകയും ചെയ്തു. എന്നാൽ സംസ്ക്കാരത്തിന് പള്ളിയിൽ എത്തിച്ച സി.ജെ.പൈലിയുടെ മൃതദേഹം പള്ളിക്കുള്ളിൽ പ്രവേശിപ്പിച്ച് ഓർത്തഡോക്സ് വികാരിയുടെ നേതൃത്വത്തിൽ ശുശ്രൂഷകൾ നടത്തുന്നത് പള്ളിപൂട്ടി എതിർവിഭാഗം തടയുകയായിരുന്നു. വേണ്ട സംരക്ഷണം നൽകേണ്ട പോലീസ് ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും കോടതിവിധി നടപ്പാക്കുവാനോ മതിയായ സംരക്ഷണം നൽകുവാനോ ആദ്യം തയ്യാറായില്ല. പള്ളിയിലേക്ക് കൊണ്ടുവന്ന മൃതശരീരം തിരികെ മോർച്ചറിയിലേക്ക് കൊണ്ടുപോകേണ്ട സ്ഥിതിയും സംജാതമായി.

(ശേഷം പേജ് 3-ൽ)

## പോലീസ് നടപടി നിയമവിരുദ്ധമെന്ന് ഓർത്തഡോക്സ് സഭ

കോട്ടയം : വെട്ടിത്തറ ഓർത്തഡോക്സ് പള്ളിയിൽ സി.ജെ.പൈലിയുടെ മൃതദേഹം സംസ്ക്കരിക്കുന്നത് തടസ്സപ്പെടുത്താൻ ശ്രമിച്ചവർക്ക് എല്ലാ സൗകര്യങ്ങളും ഒത്താശകളും ചെയ്യുന്ന പോലീസിന്റെ നടപടി നിയമവിരുദ്ധവും സർക്കാർ നിലപാട് പക്ഷപാതപരവുമാണെന്ന് ഓർത്തഡോക്സ് സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ പറഞ്ഞു. വ്യക്തമായ കോടതി ഉത്തരവ് നൽകിയിട്ടും സംസ്ക്കാരം നടത്തുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കാതെ സർക്കാരുദ്യോഗസ്ഥരും പോലീസും ഒളിച്ചുകളി നടത്തുകയായിരുന്നുവെന്നും ഇത്തരം നടപടികൾ നീതിന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളുവെന്ന് അഡ്വ.ബിജു ഉമ്മൻ പറഞ്ഞു.

## കാതോലിക്കാദിനാഘോഷത്തിന്റെ പ്രസക്തി......കഴിഞ്ഞലക്കം തുടർച്ച

ഫാ.ഡോ.എം.ഒ.ജോൺ

1653-ൽ കൂനൻകുരിശു സത്യം നടന്നത് പകലോമറ്റം കുടുംബാംഗമായിരുന്ന തോമ്മാ അർക്കദിയാക്കോന്റെ നേതൃത്വത്തിലായിരുന്നു. കൂനൻകുരിശു സത്യം ചെയ്തവർ റോമുമായും ഇവിടെയുണ്ടായിരുന്ന റോമൻ കത്തോലിക്കാ മിഷണറിമാരുമായും ഉണ്ടായിരുന്ന ബന്ധം വിച്ഛേദിച്ചു. എന്നാൽ പോർട്ടുഗീസുകാലത്തിനു മുമ്പുണ്ടായിരുന്നതുപോലെ കിഴക്കൻ സുറിയാനി (പേർഷ്യൻ) സഭയുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാൻ അവർക്ക് സാധിച്ചില്ല. അവരെ നയിക്കുവാൻ പേർഷ്യയിൽനിന്ന് ആരെങ്കിലും ബിഷപ്പൻമാരെ വരുത്തുവാനും സാധിച്ചില്ല. റോമിനോട് ചേർന്ന വിഭാഗത്തിൽ മെത്രാന്മാരുണ്ടായിരുന്നു. അത് അർക്കദിയാക്കോന്റെ ഭാഗത്തുനിന്ന് റോമൻവിഭാഗത്തിലേക്ക് ആളുകൾ കൊഴിഞ്ഞുപോകുവാനും കാരണമായി.

റോമൻ കത്തോലിക്കരുമായുള്ള ആയോധനത്തിൽ സഹായമഭ്യർത്ഥിച്ചുകൊണ്ട് അർക്കദിയാക്കോനും കൂട്ടരും പേർഷ്യൻ, അലക്സാന്ത്ര്യൻ, അന്ത്യോഖ്യൻ, ഗ്രീസ് തുടങ്ങി വിവിധ കിഴക്കൻ സഭകളുമായി ബന്ധപ്പെട്ടിരുന്നു. തൽഫലമായി 1665-ൽ അന്ത്യോഖ്യൻ (പാശ്ചാത്യ സുറിയാനി) സഭയിൽപെട്ട യെരുശലേമിലെ ഗ്രിഗോറിയോസ് എന്ന ബിഷപ്പ് മലങ്കരയിലെത്തി.

അന്ത്യോഖ്യൻ സുറിയാനി സഭയിൽനിന്ന് ആദ്യമായി മലങ്കരയിലെത്തുന്ന മഹാപുരോഹിതനായിരുന്നു യറുശലേമിലെ ഗ്രിഗോറിയോസ്. ഒരു വലിയ ആപൽഘട്ടത്തിലായിരുന്ന മലങ്കരസഭാംഗങ്ങൾ ഹാർദ്ദവമായി അദ്ദേഹത്തെ സ്വാഗതം ചെയ്തു. അതേ തുടർന്ന് അന്ത്യോഖ്യൻ സുറിയാനിസഭയിൽപ്പെട്ട പിതാക്കന്മാർ തുടർച്ചയായി മലങ്കരയിലേക്ക് വരാൻ തുടങ്ങി.

1665 മുതൽ 1876 വരെയുള്ള 211 വർഷങ്ങൾക്കിടയിൽ ഗ്രിഗോറിയോസിനെ തുടർന്ന് ആകെ 10 അന്ത്യോഖ്യൻ മെത്രാന്മാർ ഇവിടെ വന്നു.

ഇക്കാലഘട്ടത്തിൽ അതായത് 1653 – 1876 കാലഘട്ടത്തിൽ നടന്ന മൂന്നു പ്രധാന കാര്യങ്ങൾ ഉണ്ട്.

1. അന്ത്യോഖ്യൻ സുറിയാനി സഭയുടെ ആരാധന, വിശ്വാസം (ഇന്ന് നാം അഭിമാനത്തോടെ പറയുന്ന സ്തുതിചൊവ്വാക്കപ്പെട്ട ഓർത്തഡോക്സ് വിശ്വാസം), പാരമ്പര്യങ്ങൾ, ശുശ്രൂഷാസംവിധാനങ്ങൾ തുടങ്ങിയ കാര്യങ്ങൾ മലങ്കരയിൽ വ്യാപകമായി പ്രചരിച്ചു. മലങ്കരസഭ പൂർണ്ണമായും എന്നുതന്നെ പറയാം ആ ആരാധനാ പാരമ്പര്യത്തിലേക്ക് വന്നു.

2. പ.അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം പൂർണ്ണമായും മലങ്കരയിൽ സ്ഥാപിതമായി. മലങ്കരസഭ പൂർവ്വകാലം മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൻകീഴ്പ്പെട്ട സമൂഹമാണെന്നും പാത്രിയർക്കീസിന്റെ അധികാരം ഇന്നെന്നപോലെ എന്നും മലങ്കരയിൽ വ്യാപരിച്ചിരുന്നുവെന്നും മുളന്തുരുത്തി സുന്നഹദോസിൽവെച്ച് അസന്നിഗ്ദ്ധമായി പാത്രിയർക്കീസ് തന്നെ പ്രഖ്യാപിച്ചു.

മലങ്കരസഭാമക്കൾ അതിനെ ഹർഷാരവത്തോടെ സ്വാഗതം ചെയ്തു. അവിടവിടെ ചില എതിർപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും അതു കാര്യമായി ശോഭിച്ചില്ല.

വി.സി.ശമുവേലച്ചൻ എഴുതുന്നു : "മലങ്കരസഭ പുരാതനകാലം മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധീശത്വം അംഗീകരിച്ചുവന്നു എന്ന നിലപാടായിരുന്നു സുന്നഹദോസ് അവലംബിച്ചത്. ഇത് ചരിത്രപരമായി നിലനിൽക്കുന്നതാണോ എന്നചോദ്യം സുന്നഹദോസ് ഉന്നയിച്ചില്ല" (ആധൂനിക ഭാരതസഭ 2:33).

നവീകരണവിഭാഗം (ഇന്നത്തെ മാർത്തോമ്മാസഭ) അതിനെ എതിർക്കുകയും പാത്രിയർക്കീസിന്റെ അധികാരത്തെ ചോദ്യം ചെയ്യുകയും ചെയ്തുവെങ്കിലും അവർ സഭയ്ക്കു പുറത്തായി. അവരെ പുറത്താക്കുവാൻ ബാക്കിയുള്ളവർ കൂട്ടുംനിന്നു. ഇതിനോടനുബന്ധിച്ചുണ്ടായ കോടതിവ്യവഹാരങ്ങളിലും നവീകരണവിഭാഗം പൂർണ്ണമായും പരാജയപ്പെട്ടു.

3. എന്തുവന്നാലും പാത്രിയർക്കീസിന്റെ വാക്കുകളെ വേദവാക്യങ്ങളായി അംഗീകരിക്കുന്ന ഒരു വിഭാഗം മലങ്കരസഭയിൽ ഉണ്ടായി.

വാസ്തവത്തിൽ 1876-ൽ മൂന്നു വിഭാഗങ്ങൾ മലങ്കരസഭയിൽ ഉണ്ടായിരുന്നു. ഒന്ന് പാത്രിയർക്കീസിന്റെ അധികാരത്തെ ചോദ്യം ചെയ്ത നവീകരണക്കാർ. അവർ പുറത്തായി അല്ലെങ്കിൽ അവരെ പുറത്താക്കി. അന്നത്തെ സഭയുടെ അംഗസംഖ്യവെച്ചുനോക്കിയാൽ അവർ ഏകദേശം ഇരുപതുമുതൽ മുപ്പതുശതമാനംവരെ വരുമായിരുന്നു. രണ്ടാമത്തെ വിഭാഗം അവരെ എതിർത്തുനിന്നു. നവീകരണക്കാരിൽനിന്ന് മലങ്കരസഭയെ രക്ഷിക്കാൻ പാത്രിയർക്കീസിന്റെ സഹായം അവർക്കു വേണമായിരുന്നു. എന്നാൽ പൂർണ്ണമായും പാത്രിയർക്കീസിന് വിധേയപ്പെടാൻ അവർ തയ്യാറായില്ല. മലങ്കരസഭയുടെ സ്വാതന്ത്ര്യം അല്ലെങ്കിൽ ഉൾഭരണ സ്വാതന്ത്ര്യം സംരക്ഷിക്കണമെന്ന് അവർക്ക് ആഗ്രഹമുണ്ടായിരുന്നു. അതേസമയം പാത്രിയർക്കീസിനെ വെറുപ്പിക്കാനോ ആ ബന്ധം ഉപേക്ഷിക്കുവാനോ അവർ തയ്യാറല്ലായിരുന്നു. നവീകരണക്കാരുടെ കൈപ്പിടിയിലായിരുന്ന സഭാഭരണം കൈവശപ്പെടുത്തുവാൻ അവർക്ക് പാത്രിയർക്കീസുമായുള്ള ബന്ധം ആവശ്യമായിരുന്നു.

മൂന്നാമത്തെ വിഭാഗം മുകളിൽ ഞാൻ പറഞ്ഞ മലങ്കരസഭ ഇനിയുള്ളകാലം പൂർണ്ണമായും അന്ത്യോഖ്യാ പാത്രിയർക്കീസിനു വിധേയപ്പെട്ടു കഴിയണമെന്ന് ആഗ്രഹിച്ച വിഭാഗം. 1665 മുതലുള്ള വർഷങ്ങളിൽ ഇവിടെ വന്ന അന്ത്യോഖ്യൻ സഭാപിതാക്കന്മാരുമായി കാലാകാലങ്ങളിൽ ബന്ധപ്പെട്ട് അന്ത്യോഖ്യൻ സുറിയാനിസഭയുമായി ഒരു വൈകാരിക ബന്ധത്തിൽതന്നെ അവർ എത്തിച്ചേർന്നിരുന്നു. പല സന്ദർഭങ്ങളിലും ഇവിടെ നിലനിന്നിരുന്ന ചേരിതി

(ശേഷം പേജ് 4-ൽ)

# റവ. ഡോ. വി.സി. ശമുവേൽ കേരളം ലോകത്തിനു സമ്മാനിച്ച മഹാൻ

ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ

(പുണ്യശ്ലോകനായ റവ. ഫാ. ഡോ. വി.സി. ശമുവേൽ ജന്മശതാബ്ദിയാഘോഷങ്ങൾ പുരാതനമായ ഓമല്ലൂർ സെന്റ് തോമസ് വിലയപള്ളിയിൽ ഫീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ നിർവ്വഹിച്ച മുഖ്യ അനുഗ്രഹപ്രഭാഷണത്തിന്റെ ലിഖിതരൂപം

നിങ്ങൾ കഴിഞ്ഞ ഏതാനും ചില മണിക്കൂറുകളായി കേരളചരിത്രത്തിൽ, പ്രത്യേകിച്ച് ക്രൈസ്തവസഭയുടെ ചരിത്രത്തിൽ, ചരിത്രം സൃഷ്ടിച്ചതായ ഒരു മഹാത്മാവിനെക്കുറിച്ച് കേട്ടുകൊണ്ടും ചിന്തിച്ചുകൊണ്ടും ധ്യാനിച്ചുകൊണ്ടും ഇരിക്കുകയായിരുന്നുവല്ലോ. ഞാൻ പറയും, ദൈവം കേരളത്തിനു നൽകിയ വിഷുക്കണിയാണ് വി.സി. ശമുവേൽ അച്ചൻ എന്ന്. അതായത് നമ്മളെ ദൈവം ഓരോരുത്തരെയും എൽപിക്കുന്ന ചുമതലകൾ, അതു നിർവ്വഹിക്കേണ്ടത് നമ്മുടെ കടമയാണെന്നു ബോധമുള്ളവർ വളരെ ചുരുക്കമാണ്. ചിലർക്ക് ബോദ്ധ്യമുണ്ടെങ്കിലും അവ പ്രാവർത്തികമാക്കുവാനോ, മറ്റുള്ളവരെ പറഞ്ഞ് മനസ്സിലാക്കുവനോ പ്രയാസമാണ്. മറ്റുചിലരാകട്ടെ നമ്മളെ കണ്ടാൽ, കണ്ടതായ ഭാവം പോലും കാണിക്കത്തുമില്ല.

ദൈവത്തെയും മനുഷ്യനെയും അറിഞ്ഞ്, രണ്ടിനെയുംകുറിച്ച് ശരിയായിട്ട് പഠിച്ച്, അനുഭവിച്ച്, അവ ലോകത്തിനും സഹോദരവർഗത്തിനും അനുഗ്രഹകരമായി രൂപാന്തരപ്പെടുത്തിയ ഒരു വലിയ മനുഷ്യനായിരുന്നു നമ്മുടെ വി.സി. ശമുവേലച്ചൻ. അച്ചൻ എനിയ്ക്കു മുമ്പായി ഈ ലോകത്തിലേക്കു വന്നു. എനിയ്ക്കു മുമ്പായി മറ്റേ ലോകത്തിലേക്കും പോയി. ഞങ്ങൾ തമ്മിൽ വളരെയടുത്ത പരിചയവും സ്നേഹബന്ധവും പുലർത്തിയിരുന്നു. ഭാരതത്തിലെ കോളേജുകളിലും സെമ്മിനാരികളിലുമൊക്കെ അച്ചൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്ന അവസരത്തിലൊക്കെയും ഞാനും ഏറെക്കുറെ അവിടൊക്കെതന്നെയുണ്ടായിരുന്നു. അച്ചൻ സംബന്ധിച്ച പല മീറ്റിംഗുകളിലും ചർച്ചകളിലും എനിയ്ക്കും പങ്കെടുക്കുവാൻ സാധിച്ചിട്ടുമുണ്ട്.

ഇല്ലാത്ത അറിവ് ഉണ്ടെന്ന് മറ്റുള്ളവരെ തെറ്റിധരിപ്പിക്കുന്നത് ശരിയല്ല എന്നു വിശ്വസിച്ചിരുന്ന വ്യക്തിയായിരുന്നു അച്ചൻ. നമ്മിൽ പലരും, നമുക്കില്ലാത്തത് ഉണ്ടെന്നു മറ്റുള്ളവരെ ധരിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്. അച്ചനതിന്റെ ആവശ്യമില്ലായിരുന്നു. കാരണം ആഴമായ അറിവും അനുഭവവും, അത് വിദ്യാഭ്യാസത്തിലും, സഭാരംഗത്തും, സാമൂഹ്യരംഗത്തും, ചിന്തകളിലും, മറ്റ് ഏതു മേഖലകളിലുമായാലും, ആരെയും വെല്ലുന്ന ആശയങ്ങളും, മൂല്ല്യാധിഷ്ഠിതമായ ജീവിതവും അദ്ദേഹത്തിനുണ്ടായിരുന്നു. അച്ചന്റെ ജന്മശതാബ്ദി അനുസ്മരണ നടത്തുന്ന ഈ യോഗത്തിൽ എനിയ്ക്കു പങ്കെടുക്കുവാൻ സാധിച്ചതുതന്നെ ഒരു മഹാഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്.

കുറെ മാസങ്ങൾക്കു മുമ്പ് എന്റെ കൈ ഒന്ന് ഒടിഞ്ഞു. അതിനുശേഷം ഒരു ദിവസം ഞാൻ പന്തളത്തു വരെ പോയി മടങ്ങിവരുകയായിരുന്നു. ഡ്രൈവർ ഐതോ സാധനം വാങ്ങുവാനായി അടുത്തുള്ള ഒരു കടയിലേക്കു പോയ സമയത്ത് അതുവഴി പോയ ഒരു ലോട്ടറി വിൽപനരക്കാരൻ പയ്യൻ, എന്റെ അടുത്തേക്കു വന്ന്, ഇങ്ങനെ ചേതിച്ചു. അയ്യോ തിരുമേനി! തിരുമേനിക്കന്തോ പറ്റി? കൈക്കെന്തോ പറ്റി? എന്ന്. എനിയ്ക്കാണെങ്കിൽ, വീണാലും കിടപ്പിലായാലും എന്നെ ഒന്നു പിടിക്കാനും സഹായിപ്പാനും ഭാര്യമാരും മക്കളുമാരും ഇല്ലെന്നു നിങ്ങളോർക്കണം. എന്നാൽ ഞങ്ങടെ അച്ചന്മാർ മുഴുവനും കൈ ഒടിഞ്ഞോ? എന്നു ലോഹ്യം ചോതിക്കുമെന്നല്ലാതെ, ഉള്ളിൽ പറയുന്നത് അനുഭവിച്ചോ! അനുഭവിച്ചോ!! എന്നുമാണ്. ഏതായാലും ലോട്ടറിക്കാരൻ പയ്യൻ എന്നോടിങ്ങനെ പെരുമാറിയതിൽ വിലയ സന്തേഷമായി. ഞാനവനോടു പറഞ്ഞു മോനെ ഞാനൊന്നു ഉരുണ്ടുവീണു, കൈയ് ഒടിഞ്ഞു പോയി എന്ന്. പെട്ടെന്ന് അവൻ എന്നോടു പറയുകയാണ്, ഞങ്ങളൊക്കെ വീണേച്ചാണല്ലോ തിരുമേനി ഉരുളുന്നത്, തിരുമേനിയാണെങ്കിൽ ഉരുണ്ടേച്ചാണല്ലോ വീഴുന്നത് എന്ന്. ഈ പയ്യന്റെ ബുദ്ധിസാമർത്ഥ്യത്തിൽ എനിക്കതിയായ സന്തോഷം ഉണ്ടായി. ഞാനവനോടു ചോദിച്ചു നിനക്ക് ഒരു ലോട്ടറി വിറ്റാൽ എത്ര രൂപാ കിട്ടും? അവൻ പറഞ്ഞു ടിക്കറ്റിനു നാല്പതു പൈസ എന്ന്. അപ്പോൾ ഞാനവനോടു പറഞ്ഞു രണ്ടു ടിക്കറ്റിന്റെ എൺപതു പൈസ ഞാൻ നിനക്കു തന്നേക്കാം. അതു മതിയല്ലോ നിനക്ക്. ഉടനെ അവൻ എന്നടു പറയുകയാണ്, ഞാൻ ജോലി ചെയ്യാത്ത് കാശ് എനിക്കു വേണ്ടാ എന്ന്. ഞാൻ അത്ഭുതപ്പെട്ടുപോയി!

നമ്മുടെ കേരളാ ഗവൺമെന്റ് ഇപ്പോൾ കാരുണ്യ എന്ന പേരിൽ ഒരു ലോട്ടറി തുടങ്ങിയിട്ടുണ്ട്. കാരുണ്യ ലോട്ടറി എന്തിനാണെന്നു ചോതിച്ചാൽ, ബിപിഎൽ കാർക്ക് രോഗത്തിന് ചികിത്സിക്കുവാൻ വേണ്ടിയാണത്രെ. നമ്മുടെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പുഷ്പഗിരി ആശുപത്രിയിൽ ഇതുമായി ബന്ധപ്പെട്ട് പ്രസംഗിച്ച യോഗത്തിൽ ഞാനും സംബന്ധിച്ചിരുന്നു. എതായാലും ഇപ്പോൾ എല്ലാ വെള്ളിയാഴ്ചയും ഓരോ ലോട്ടറി ടിക്കറ്റ് ഞാൻ എടുക്കുന്നുണ്ട്. എനിയ്ക്ക് പലപ്പോഴും തോന്നാറുള്ളത്, ദൈവത്തിന്റെ വഴികൾ എത്രയോ നിഗൂഡമാണ് എന്ന്. ആ ലോട്ടറി വില്ക്കുന്നതാണോ, ഇന്നീ യോഗത്തിൽ സംബന്ധിക്കുന്നതാണോ വിലിയ ഭാഗ്യം?

എനിയ്ക്ക് ഒരു സംശയവുമില്ല; വി.സി. ശമുവേലച്ചൻ ഈ ലോകംവിട്ടു കടന്നുപോയെന്നാലും അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തെയും ആദർശങ്ങളെയും ബഹുമാനിക്കുന്ന, ആദരിക്കുന്ന ഒരു സമൂഹം ഇന്നുമുണ്ട് എന്നുള്ളതിനു തെളിവാണ് ഈ സമ്മേളനം. ഞാനതിൽ അതിയായി സന്തോഷിക്കുന്നു. എനിയ്ക്കു മുമ്പായി ഇവിടെ പ്രസംഗിച്ച കാതോലിക്കാ ബാവാതിരുമേനിയും മറ്റു തിരുമേനിമാരും മറ്റും നിങ്ങളോടു വി.സി. ശമുവേലച്ചന്റെ മഹത്തായ സംഭാവനകൾ അനുസ്മരിച്ചു കഴിഞ്ഞുവല്ലോ. ഡോ. കെ.വി. മാത്യു അച്ചനും വി.സി. ശമുവേലച്ചനും ഒരുമിച്ച് സെറാമ്പൂരിൽ പിഠിപ്പിക്കുകയും വളരെയടുത്ത ആത്മബന്ധം പുലർത്തുകയും ചെയ്തിരുന്നവരുമാണ്. അച്ചൻ വളരെ പണ്ഡിതോചിതമായി വി.സി. ശമുവേലച്ചനെക്കുറിച്ച് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയും ചയ്തുവല്ലോ.

എനിയ്ക്ക് വ്യക്തമായി നിങ്ങളോടു പറയുവാനുള്ളത്, കേരളത്തിൽ വൈദിക രംഗത്ത് ഇത്രമാത്രം ആഴമായി പഠിക്കുകയും, ആഴമായി ചിന്തിക്കുകയും, നൂതനമായ ആശയങ്ങളും വ്യക്തമായ കാഴ്ചപ്പാടുകളും ലോകത്തിനു നല്കുകയും ചെയ്ത മറ്റൊരാളില്ല. ആ അനുഭവങ്ങളിൽകൂടി മറ്റുള്ളവരെ അധഃപ്പതിപ്പിക്കുന്നതിനല്ല, മറിച്ച് അവരെ ഉയർത്തുന്നതിനായിട്ട് അങ്ങേയറ്റം ശ്രമിച്ച ഒരു മഹാനുമായിരുന്നു അച്ചൻ. നമ്മുടെ പലയാളുകളും അവർ വലുതാകുമ്പോൾ മറ്റുള്ളവരെ മോശക്കാരായി കാണാനാണ് ശ്രമിക്കുക പതിവ്. അച്ചൻ അങ്ങനെയല്ല; ഒരു ഒറിജിനൽ തിങ്കറായിരുന്നു.

അച്ചനെക്കുറിച്ച് ഇവിടെ പ്രസംഗിച്ച പലരും നിങ്ങളോടു പറഞ്ഞതും, പത്രത്തിലൂടെയും മറ്റും നിങ്ങൾ വായിച്ചും കേട്ടും മനസ്സിലാക്കിയതുമാണല്ലോ, ഈസ്റ്റേൺ സഭകളിൽ രണ്ടു വിഭാഗമുണ്ട് എന്നുള്ളത്. ഇതിൽ നല്ലൊരു വിഭാഗമായ ബൈസന്റയിൻ സഭകൾ എതിർവിഭാഗമായ മറ്റു കിഴക്കൻ സഭകളെ മോണോഫിസൈറ്റുകളാണെന്നാണ് ഈ അടുത്തകാലംവരെയും പറഞ്ഞുവന്നിരുന്നത്. അതിനെക്കുറിച്ച് നമ്മുടെ വി.സി. ശമുവേലച്ചൻ നടത്തിയ ഗവേഷണവും, അച്ചൻ തയ്യാറാക്കി അവതരിപ്പിച്ച പ്രബന്ധങ്ങളും, അതോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളുമെല്ലാം, അതുവരെയുണ്ടായിരുന്ന ചിന്തകളെയും ധാരണകളെയും തകിടംമറിക്കുന്നതിനും, തെറ്റിധാരണകൾ നീക്കുന്നതിനും വളരെയധികം സഹായിക്കുകയും ചെയ്തു. ഈ വസ്തുത ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ മാത്രമല്ല ലോകത്തുള്ള എല്ലാ സഭകളും അംഗീകരിക്കുകയും ചെയ്തു കഴിഞ്ഞു.

സുറിയാനി ഭാഷാപഠനമാണ് അച്ചനെ ഒരു അഗാധ പണ്ഡിതനാക്കി മാറ്റിയെടുത്തതിനു അടിസ്ഥാനം. എനിയ്ക്കത് അറിയാൻപാടില്ലാത്തുകൊണ്ട് പറയുകയാണ്. ഇത്രമാത്രം പണ്ഡിതനായ മറ്റൊരാൾ ഉണ്ടായിട്ടില്ല. ഇനിയുമൊട്ടുണ്ടാകുമെന്നും തോന്നുന്നുമില്ല. ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ച് ചോദിക്കുമ്പോൾ അറിയാൻ പാടില്ലാത്തതാണെങ്കിൽ അച്ചനത് തുറന്നു പറയും. ഇത്രമാത്രം പണ്ഡിതനായ അച്ചന് അതിനൊരു മടിയുമില്ലായിരുന്നു. ഇന്നത്തെ കാലത്ത് ഇതാണാവശ്യമായിരിക്കുന്നത്. അതായത് നമ്മുടെ അറിവില്ലായ്മയെ നാം സമ്മതിക്കണം. അറിവു സമ്പാദിക്കാനുള്ള സാധ്യതയെ നാം ഉപയോഗപ്പെടുത്തണം. സമ്പാദിക്കുന്നത് ആവശ്യത്തിലിരിക്കുന്നവർക്ക് പകർന്നു നൽകയും വേണം.

അറിവും അനുഭവവും ഇല്ലാത്തവർക്കു നൽകാനുള്ളതാണെന്നു വി.സി.ശമുവേൽ അച്ചനറിയാമായിരുന്നു. അദ്ദേഹം ഭാരതത്തിലും വിദേശത്തുമുള്ള അനേകം സർവ്വകലാശാലകളിലും സെമ്മിനാരികളിലും ഫിലോസഫിയും തിയോളജിയും ചരിത്രവും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതെന്തുകൊണ്ടാണെന്നുവച്ചാൽ, ഒന്നാമത് ആ സ്ഥാപനങ്ങൾക്കൊക്കെ അദ്ദേഹത്തിന്റെ സേവനം ആവശ്യമായിരുന്നു. രണ്ടാമത്, തനിക്കു ലഭിച്ച അറിവ് മനുഷ്യവർഗത്തിന് വീതിച്ചുനല്കുന്നത്, ദൈവം ഏൽപിച്ചിരിക്കുന്ന ചുമതലയായി അദ്ദേഹം കണ്ടു. ഞാൻ നേരത്തെ പറഞ്ഞുവല്ലോ. സാധാരണക്കാർക്ക് ഒരു സ്വല്പം എന്തെങ്കിലുമൊന്ന് അസാധാരണമായി കിട്ടിയാൽ പിന്നെ അവർ നമ്മളെ കണ്ടാൽ മിണ്ടുകേല. അച്ചനങ്ങനങ്ങനെയല്ല. അറിവ് അച്ചനെ ചീർപ്പിക്കുകയല്ല; അറിവ് അച്ചനെ വിനയപ്പെടുത്തുകയായിരുന്നു. ഇനിയും അറിയാനുണ്ട്. ഞാനതുമുഴുവനും ആയിട്ടില്ലെന്ന തോന്നൽ. നമ്മുടെ പലയാളുകൾക്കും അല്പമെന്തെങ്കിലും ചിലതു കിട്ടുമ്പോൾ ഇനിയുമൊന്നും ഇതിനപ്പുറത്തില്ലെന്ന ബോധമാണ് ഉണ്ടാവുന്നത്. അതെ! ഞാൻ ദൈവത്തിന്റെ ദാസനായി, ദൈവമഹത്വത്തിനായി വിനയത്തോടു സ്വീകരിപ്പാൻ കഴിവുള്ളതായിത്തീരണമേ! എന്ന അനുഭവമാണു നമുക്കുണ്ടാകേണ്ടത്. ദൈവശാസ്ത്രത്തിലുള്ള അഗാധമായ അറിവും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും കൊണ്ടാണ് അച്ചന് ഈ അനുഭവം എന്ന് ഞാൻ വിശ്വസിക്കുന്നത്.

ഞാൻ പറയും നമ്മുടെ ശ്രീനാരായണഗുരുസ്വാമി തിരുവിതാംകൂറിൽ അല്ലായിരുന്നു ജനിച്ചതെങ്കിൽ അദ്ദഹം അന്നേ വലിയ ആളായിത്തീരുമായിരുന്നു. നമ്മുടെ കാലടിയിൽ ജനിച്ച ശങ്കരാചാര്യർ ഇതു മനസ്സിലാക്കി, അദ്ദേഹം തിരുവിതാംകൂറിൽ നിൽക്കാതെ, അങ്ങു വടക്കു പോയി. അതുകൊണ്ട് അദ്ദേഹം അന്നേ വലിയ വലിയ ആളായിത്തീർന്നു. വി.സി. ശമുവേലച്ചൻ തന്റെ ശുശ്രൂഷകൾ മുഴുവനും ഭാരതത്തിലും ഭാരതത്തിനുവെളിയിലും നിർവ്വഹിപ്പാനായി ധാരാളം വിലപ്പെട്ട അവസരങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. അത് അദ്ദേഹം ഉപയോഗപ്പെടുത്തി. ഞാൻ ജനിച്ചതിനുശേഷം, എന്റെ

(ശേഷം പേജ് 3-ൽ)


## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായി മലബാർ മേഖലയിൽ വയനാട് ജില്ലയിൽ 1986 മുതൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കാര്യമ്പാടി കണ്ണാശുപത്രി പ്രദേശവാസികളുടെ കണ്ണും കാഴ്ചയുമായി മലങ്കരസഭയുടെ അഭിമാനമായി പരിലസിക്കുന്നു. ചികിത്സ തേടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്ക് എല്ലാവിധ നേത്രചികിത്സയും സൗജന്യമായി നൽകിവരുന്നു. ഗിവ്സൈറ്റ് പദ്ധതിയിലൂടെ 2017 മാർച്ച് വരെ ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിൽ വെച്ചുള്ള ആധുനിക താക്കോൽദ്വാര തിമിര ശത്രക്രിയ 5904 പേർക്ക് സൗജന്യമായി നടത്തിക്കൊടുക്കുവാൻ സാധിച്ചു. അതുപോലെ 3553 പേർക്ക് സൗജന്യമായി മറ്റു വിവിധ ശസ്ത്രക്രിയകൾ നടത്തുകയുണ്ടായി. വയനാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇതിനകം രണ്ടരകോടി (2.5കോടി) രൂപയുടെ സൗജന്യചികിത്സ നൽകുവാൻ സാധിച്ചത് സുമനസ്സുകളുടെ സഹകരണംകൊണ്ട് മാത്രമാണ്. ഗിവ്സൈറ്റ് പദ്ധതിവഴി ഒരു ശസ്ത്രക്രിയക്ക് 2000/- (രണ്ടായിരം) രൂപ വെച്ച് എത്ര ശസ്ത്രക്രിയവേണമെങ്കിലും താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്. ഓരോ ശസ്ത്രക്രിയയ്ക്കും കൂടുതലായി വേണ്ടിവരുന്ന തുക ആശുപത്രിയുടെ ചുമതലയിൽ കണ്ടെത്തുന്നതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇതുവരെ നൽകിയ സഹായങ്ങൾക്ക് ഏവരോടും നന്ദി അറിയിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**ഗവേണിംഗ് ബോർഡിനുവേണ്ടി, സെക്രട്ടറി**

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ**

Mob : 9446733201

# പുത്തൻകാവിൽ കൊച്ചുതിരുമേനി പ്രസംഗിച്ചത് മരത്തംകോട് പള്ളിയിൽവെച്ചല്ല

അഡ്വ.പി.സി.മാത്യു പുലിക്കോട്ടിൽ

കഴിഞ്ഞ ഏപ്രൽ ഒന്നിലെ മലങ്കരസഭാദീപത്തിലെ കാതോലിക്കാദിനാഘോഷത്തിന്റെ പ്രസക്തി എന്ന ലേഖനത്തിൽ പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേനിയുടെ അന്ത്യപ്രസംഗത്തിൽനിന്ന് ഒരു ഭാഗം കൊടുത്തിരിക്കുന്നത് കണ്ടു. അതിൽ 1952-ലെ കാതോലിക്കാദിനത്തോടനുബന്ധിച്ച് കുന്നംകുളം മരത്തംകോട് പള്ളിയിൽ അദ്ദേഹം പ്രസംഗിച്ചു എന്ന് എഴുതിയിരിക്കുന്നത് ശരിയല്ല. കുന്നംകുളത്ത് കാതോലിക്കാദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ വമ്പിച്ച സമ്മേളനത്തിൽ കുന്നംകുളം പഴയപള്ളിക്കു സമീപമുള്ള എം.ജെ.ഡി. ഹൈസ്ക്കൂൾ ഹാളിൽവെച്ചാണ് തിരുമേനി അപ്രകാരം പ്രസംഗിച്ചത്. ആ പ്രസംഗം ഞാൻ കേട്ടിട്ടുണ്ട്. തിരുമേനിയുടെ അന്ത്യ പ്രസംഗമായിരുന്നു അത്. അതുകഴിഞ്ഞ് മൂന്നാംദിവസം തിരുമേനി മരത്തംകോട് പള്ളിയിൽവെച്ച് കാലം ചെയ്തു. മാർ പീലക്സിനോസ് തിരുമേനിയുടെ അന്ത്യശാസനം എന്ന പേരിൽ ആ പ്രസംഗം അച്ചടിച്ച് പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അമ്പതുനോമ്പുകാലത്ത് കുന്നംകുളം പഴയപള്ളി അങ്കണത്തിൽവെച്ച് നടന്നുവന്നിരുന്ന കൺവൻഷനൻ പ്രസംഗത്തിൽ പങ്കെടുക്കുവാൻ വന്ന തിരുമേനിക്ക് നെഞ്ചുവേദന അനുഭവപ്പെടുകയും കുറച്ചുദിവസത്തെ വിശ്രമത്തിനും ചികിത്സയ്ക്കും ശേഷം കോട്ടയത്തേക്ക് പോകുന്നവഴി മരത്തംകോട് യു.പി.സ്ക്കൂൾ സന്ദർശിക്കുവാൻ പോരുമ്പോൾ നെഞ്ചുവേദന ശക്തിയായി ഉണ്ടാവുകയും വഴിയിലുള്ള മരത്തംകോട് പള്ളിയിൽ വിശ്രമത്തിനായി കയറുകയുമാണ് ഉണ്ടായത്. മരത്തംകോട് നടന്നുവന്നിരുന്ന പ്രൈവറ്റ് മാനേജുമെന്റിലുള്ള യു.പി. സ്ക്കൂൾ തിരുമേനി ഏറ്റെടുത്ത് അടുത്ത വർഷം ഹൈസ്ക്കൂളാക്കാൻ നിശ്ചയിച്ചിരുന്നു. ശരീരസുഖമില്ലെങ്കിലും മടങ്ങിപ്പോകുന്നവഴി മരത്തംകോട് മേൽപറഞ്ഞ സ്ക്കൂൾ കാണമെന്ന ആഗ്രഹമാണ് മരത്തംകോടു വഴി പോകുവാൻ ഇടയായത്. നെഞ്ചുവേദനയുടെ ശമനത്തിനായി മരത്തംകോട് പള്ളിയിൽ കയറിയ തിരുമേനി രണ്ടുദിവസം കഴിഞ്ഞ് പള്ളിമുറിയിൽവെച്ച് കാലം ചെയ്തു.

ഞാനെഴുതിയ പുത്തൻകാവ് കൊച്ചുതിരുമേനി - കാതോലിക്കേറ്റിന്റെ ശക്തനായ വക്താവ് എന്ന ജീവചരിത്രഗ്രന്ഥത്തിൽ ഇതിന്റെ പൂർണ്ണ വിവരങ്ങൾ കാണാം.

## റവ. ഡോ. വി.സി. ശമുവേൽ....പേജ് 2-ൽനിന്ന്

ഓർമ്മയിലും, എന്റെ അറിവിലും, അനുഭവത്തിലും അദ്ദേഹത്തിന്റെ പങ്ക് എന്ത് എന്ന് എന്നോടു ചോതിച്ചാൽ, നേരത്തെ പറഞ്ഞതരത്തിലുള്ള വിലിയ പങ്കു വഹിച്ച ആളായിരുന്നു അച്ചൻ. ഈ അച്ചനെ വലിയൊരു ദൈവദാസനായിട്ടു നാം കാണണം. അച്ചൻ വലിയ ആളാണെന്നു പറയുന്നതിലല്ല വലുപ്പം. സാധാരണയെ അസാധാരണമായി രൂപാന്തരപ്പെടുത്തുന്ന ആ വിലിയ വൈഭവമാണ് നാം മനസ്സിലാക്കേണ്ടത്. ആരും അറിയാത്തതായ നസ്രേത്തിൽ ഒരു സാധാരണ സ്ത്രീയുടെ മകനായി ജനിച്ച യേശുക്രിസ്തു ലോകരക്ഷകനായി. ഇന്നു നമ്മുടെ ആവശ്യം, സാധാരണയിൽ അസാധരണയുണ്ടെന്നു കാണുകയാണ് വേണ്ടത്. സാധാരണയെ അസാധരണമായി രൂപാന്തരപ്പെടുത്തിയ വലിയ ആളായിരുന്നു വി.സി. ശമുവേലച്ചൻ.

നിങ്ങൾ ഇങ്ങനെയൊരു പരിപാടി ക്രമീകരിച്ചതിൽ, ഇത് ക്രമീകരിച്ചത് ആരാണെന്ന് എനിയ്ക്കറിഞ്ഞുകൂടാ. അതാരാണെങ്കിലും അതൊരു കൊച്ചു വി.സി. ശമുവേലച്ചൻതന്നെയാണ്. കാരണം നമുക്ക് അച്ചനപ്പറ്റി അറിയാമെങ്കിലും, ലോകമാകെ പരന്നുകിടക്കുന്ന അദ്ദേഹത്തിന്റെ സംഭാവനകളുടെ മൂല്യം വേണ്ടതുപോലെ അറിഞ്ഞുകൂടാ.

എല്ലാ കല്ലറകളിലും എഴുതിവച്ചിട്ടുണ്ട്, “Born On” - “Died On”. അങ്ങനെ രണ്ടു കാര്യങ്ങളെ ഈ ലോകത്തിൽ ചെയ്തിട്ടുള്ളു. ഒന്ന് ജനിച്ചു. മറ്റേത് മരിച്ചു. അധികംപേരും ജീവിക്കാതെ ജനിച്ചേച്ചങ്ങു മരിച്ചു. ജീവിച്ചേച്ചു മരിച്ചവർ ചുരുക്കമാ. അങ്ങനെ യഥാർത്ഥമായും ജീവിച്ചു മരിച്ച ഒരാളായിരുന്നു വി.സി. ശമുവേലച്ചൻ. ജീവിക്കുക എന്നുപറഞ്ഞാൽ കഴിവുകളെ മുഴുവനും യാഥാർത്ഥ്യമാക്കണം. ഇവിടെയിരിക്കുന്ന നിങ്ങളിൽ കുറേയാളുകൾക്ക് വലിയ കഴിവുണ്ട്. ഇല്ലേ? അതിന്റെയൊരു തെളിവാണ് മുത്തൂറ്റു ബാങ്കിലെ നിങ്ങളുടെ പാസ് ബുക്ക്. എന്നാൽ ആ കഴിവ് ശരിക്കുപയോഗിക്കണം. ശ്രീകൃഷ്ണഭഗവാൻ പറഞ്ഞതുപോലെ അത് ഉറിയിൽ വെയ്ക്കാനും, മുത്തൂറ്റു ബാങ്കിൽ കൊണ്ടിടാനുമല്ല. അന്നന്നത്തെ ആവശ്യത്തിലുള്ളവർക്കു ഉപയോഗപ്പെടുവാനുള്ളതാണ്. അതുപോലെതന്നെ വളരെ വലിയ ക്രിസ്തീയ അനുഭവവും ക്രിസ്തീയ ചിന്താശക്തിയുള്ള സഭാനേതാക്കന്മാർ, അവരത് ലോകത്തിനു കൊടുക്കുന്നതിനായിട്ട് സാധിക്കണം, അതിനുള്ള പ്രേരണയാണ് വി.സി. ശമുവേലച്ചന്റെ ജീവിതത്തിൽനിന്നും നമുക്കു ലഭിക്കുന്നത്.

അച്ചന്റെ ഈ വലിയ മാതൃകയും വിലമതിക്കാനാവാത്ത ദർശനവും നിലിനറുത്തുവാൻ തക്കവണ്ണം ഓർത്തഡോക്സ് സഭ ഉചിതമായ എന്തെങ്കിലും ക്രമീകരണം ചെയ്യും എന്നു ഞാൻ വിശ്വസിക്കുന്നു. ആ നാളുവരെ ഞാൻ ജീവിച്ചിരിക്കണമേ! എന്നു ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു!! അതു താമസിപ്പിച്ചാൽ എന്റെ കാര്യം കുഴപ്പത്തിലാകുകയും ചെയ്യും!!! അതല്ലാതെ ഇങ്ങനയൊരു യോഗം കൂടുക മാത്രമല്ല ആവശ്യം. ഒരു വലിയ പരിശ്രമം നമുക്കാവശ്യമാണ്. ഇവിടെ വന്ന് ഇതിൽ പങ്കെടുക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷിക്കുന്നു. അച്ചന്റെ എഴുത്തുകൾ ചിന്തകൾ - അത് ഔട്ട് ഡേറ്റഡ് ആല്ല. അവയെല്ലാം മോഡേണുമാണ്. അവയ്ക്ക് എന്നും പ്രസക്തിയുമുണ്ട്. അവയെല്ലാം ആഴമായി പഠിക്കുന്നിതിനുള്ള ക്രമീകരണങ്ങൾ നമുക്കുണ്ടാകണം. അത് എത്രയും പെട്ടന്ന് സാധിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ!

## വെട്ടിത്തറ...പേജ് 1-ൽനിന്ന്

ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ കോടതിവിധി ഉണ്ടായിട്ടും മതിയായ രീതിയിലുള്ള നടപടികളും പോലീസ് സംരക്ഷണവും നൽകാത്തതിൽ സർക്കാരിനെതിരെ രൂക്ഷമായ വിമർശനം ഉയർന്നിരുന്നു. ഓർത്തഡോക്സ് സഭയുടെ വിവിധ തലങ്ങളിൽനിന്ന് കേരളാ ഗവൺമെന്റിന്റെ പക്ഷപാതപരമായ ഇടപെടലുകളെക്കുറിച്ച് ശക്തമായ പ്രതിഷേധവും ഉയർന്നു . പാത്രിയർക്കീസ് വിഭാഗത്തിനെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന രൂക്ഷമായ വിമർശനം സഭയുടെ പല ഭാഗത്തുനിന്നും ഉണ്ടായി. ഇതേതുടർന്ന് പോലീസ് ഏകപക്ഷീയമായി പെരുമാറി എന്ന പരാതിയുമായി കുടുംബക്കാർ കോടതിയെ സമീപിക്കുകയായിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ പകൽ രണ്ടുമണി മുതൽ വൈകിട്ട് അഞ്ചുമണി വരെ പള്ളിതുറന്നു കൊടുക്കുവാനും പോലീസ് സംരക്ഷണയിൽ അഭിഭാഷക കമ്മീഷന്റെ സാന്നിധ്യത്തിൽ മൃതദേഹം സംസ്ക്കരിക്കുവാനും കോടതി ഉത്തരവായത്. അതനുസരിച്ച് വൻ പോലീസ് സന്നാഹത്തിൽ മൃതദേഹം പള്ളിയിലെത്തിച്ച് ഓർത്തഡോക്സ് വികാരി ഫാ. ബിനോയ് ജോണിന്റെ നേതൃത്വത്തിൽ സംസ്ക്കാരശുശ്രൂഷകൾ നടത്തി.

# പാമ്പാടി തിരുമേനി : ദൈവസ്നേഹത്തിന്റെയും എളിമയുടെയും ആൾരൂപം

ജേക്കബ് കുരുവിള, വട്ടക്കുന്നേൽ



പ.പാമ്പാടി തിരുമേനിയെക്കുറിച്ചുള്ള ഓർമ്മ എന്നും അനുഗ്രഹപ്രദമാണ്. കേട്ടുമാത്രം അറിഞ്ഞിട്ടുള്ളവർപോലും ആ സ്മരണയിൽ ആത്മഹർഷം അനുഭവിക്കുന്നു. ദൈവസ്നേഹവും എളിമയും ആൾരൂപത്തിലായിരുന്ന ആ പുണ്യപിതാവ് കാലംചെയ്തിട്ട് 53 വർഷം തികയുന്ന അവസരത്തിൽ എന്റെ കുടുംബത്തിനുണ്ടായ ഒരനുഭവം പങ്കുവെയ്ക്കട്ടെ.

ഞങ്ങളുടെയെല്ലാം ഹൃദയങ്ങളെ ഇന്നും സ്പർശിക്കുന്ന ആ കൊച്ചനുഭവത്തിന് 85 വർഷം പഴക്കമുണ്ട്. എന്റെ പിതാവ് കെ.വി. കുരുവിള. വിളിപ്പേര് കൊച്ചിക്ക, ഞങ്ങൾ മക്കൾക്ക് അപ്പാപ്പൻ. അപ്പാപ്പന്റെ ചെറുപ്പകാലം. കാലംചെയ്ത പ.കാതോലിക്കാ മാത്യൂസ് പ്രഥമൻ ബാവാ അത്മായൻ ആയിരുന്ന കാലത്ത് കുട്ടച്ചൻ എന്നാണ് വിളിക്കപ്പെട്ടിരുന്നത്. വട്ടക്കുന്നേലെ കുട്ടച്ചന് അക്കാലത്ത് ഒരു റാലി സൈക്കളുണ്ട്. മറ്റാർക്കും അത് ഉപയോഗിക്കാൻ കൊടുക്കില്ല. ആ സൈക്കിളിൽ ഒന്നു കയറി കറങ്ങിയടിക്കാൻ അപ്പാപ്പൻ മോഹം പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷെ കുട്ടച്ചൻ കൊടുത്തിട്ടില്ല.

ഒരുദിവസം കുട്ടച്ചൻ (പിന്നീട് സഭാചരിത്രത്തിലെ ശുഭ്രനക്ഷത്രമായി മാറിയ ബാവാ തിരുമേനി) അപ്പാപ്പനെ ഇങ്ങോട്ട് വിളിച്ചിട്ടു പറഞ്ഞു എടാ കൊച്ചിക്കാ ഞാൻ നിനക്ക് സൈക്കിൾ ചവിട്ടാൻ തരാം. പാമ്പാടി പൊത്തൻപുറം ദയറാവരെ പോകണം. തിരുമേനിക്ക് ഞാൻ തരുന്ന കത്ത് കൊടുക്കണം. തിരുമേനി വളരെ സൽക്കാരപ്രിയനാണ്. സൈക്കിൾ മോഹത്തിൽ അപ്പാപ്പൻ സന്തോഷപൂർവ്വം സന്ദേശമെത്തിക്കൽ ദൗത്യം ഏറ്റെടുത്തു. ഇന്നത്തേപ്പോലെയല്ല കോട്ടയത്തുനിന്നുള്ള വഴി ദുർഘടമാണ്.

15 മൈലോളം സൈക്കിൾ ചവുട്ടിയപ്പോൾ സൈക്കിൾ കയറാനുള്ള കൊതി തീർന്നു. വല്ലാതെ ക്ഷീണിച്ച് കുന്നിൻമുകളിൽ ദയറായിലെത്തി.

തിരുമേനി അരമനയുടെ വരാന്തയിൽ ഇരിപ്പുണ്ട്. ഒരു ചെറിയ കെട്ടിടം ഇന്നത്തെ അരമനകളുടെ മട്ടേയില്ല. ക്ഷീണിതനായ അപ്പാപ്പൻ വട്ടക്കുന്നേലെ കുട്ടച്ചൻ തന്നതാണ് എന്ന് പറഞ്ഞ് കത്ത് തിരുമേനിക്ക് കൊടുത്തു. തിരുമേനി ഉടൻതന്നെ അകത്തേക്ക് കയറിപ്പോയി. ദാഹിച്ചു വശംകെട്ട അപ്പാപ്പൻ സൽക്കാരപ്രിയനായ തിരുമേനി പുറത്തേക്ക് വരുന്നതും കാത്തിരിക്കുകയാണ്. പക്ഷെ തിരുമേനിയെ കാണാനില്ല.

അപ്പാപ്പൻ ദാഹവും പരവേശവും തീർക്കാൻ വെള്ളത്തിനായി കെട്ടിടത്തിന്റെ പുറകിലേക്ക് പോയി. ജനലഴികൾക്കിടയിലൂടെ നോക്കിയപ്പോൾ കണ്ടു, സാക്ഷാൽ തിരുമേനി തന്നെ നാരങ്ങ പിഴിഞ്ഞ് വെള്ളമുണ്ടാക്കുന്നു. തിരുമേനിയുടെ കണ്ണിൽനിന്ന് കണ്ണുനീർ ധാരാളമായി വരുന്നു.

ഉടനെതന്നെ അപ്പാപ്പൻ തിരിച്ചു വരാന്തയിൽ എത്തി. അപ്പോഴേയ്ക്കും തിരക്കു തീർത്ത് തിരുമേനിയും എത്തി. കയ്യിൽ നാരങ്ങാവെള്ളം. നീ ഇത് കുടിക്കൂ എന്ന് അപ്പാപ്പനോട് പറഞ്ഞു.

അപ്പാപ്പന്റെ ഹൃദയത്തെ ഈ സംഭവം വല്ലാതെ സ്പർശിച്ചിരുന്നു. ഉണ്ടായിരുന്ന കാലത്ത് നൂറുതവണയെങ്കിലും ഈ സംഭവം അപ്പാപ്പൻ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. പറയുമ്പോഴൊക്കെ തൊണ്ടയിടറുന്നതും കണ്ണുനിറയുന്നതും പതിവായിരുന്നു.

പാമ്പാടിതിരുമേനിയെക്കുറിച്ച് എല്ലാവർക്കും സ്നേഹസ്പർശത്തിന്റെ സ്മരണകളേ ഉള്ളു. എന്നാൽ തിരുമേനിയിൽനിന്നും നേരിട്ട് ഇത്തരമൊരു സ്നേഹാനുഭവം, എളിമയുടെ അനുഭവം, തിരുമേനിയുടെ സ്വന്തം കയ്യാൽ സൽക്കരിക്കപ്പെട്ട അനുഭവം അപ്പാപ്പന് ഉണ്ടായത് കുടുംബത്തിനുണ്ടായ വലിയ അനുഗ്രഹമായി ഞങ്ങളെല്ലാം കരുതുന്നു.

# നൂറാം ജന്മദിനം ആഘോഷിച്ചു



മൈലപ്ര : മാർ കുറിയാക്കോസ് ആശ്രമത്തിലെ മുതിർന്ന അംഗം വെരി.റവ.അപ്രേം റമ്പാന്റെ നൂറാം ജന്മദിനം ആശ്രമത്തിൽവെച്ച് ആഘോഷിച്ചു. ജന്മദിന സ്തോത്ര ശുശ്രൂഷയ്ക്കുശേഷം അപ്രേം റമ്പാനെ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പുഷ്പഹാരമണിയിച്ചു. തുടർന്നു നടന്ന സമ്മേളനത്തിനുശേഷം വിവിധ മേഖലകളിലുള്ളവർ അപ്രേം റമ്പാനെ അനുമോദിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. തുമ്പമൺ ഭ്രാസനം കിഴക്കൻ മേഖലാ ക്വയർ ഫാ.ജോൺ വർഗീസിന്റെ നേതൃത്വത്തിൽ ഗാനങ്ങൾ ആലപിച്ചു.

പ.കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ.മാത്യൂസ് മാർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു.കുറിയാക്കോസ് മാർ ക്ലിമ്മീസ് അനുഗ്രഹപ്രഭാഷണം നടത്തി. അടൂർ പ്രകാശ് എം.എൽ.എ., കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, ഫാ.ഡോ.ടി.ജെ.ജോഷ്വാ, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ഫാ.ടൈറ്റസ് ജോർജ്, കെ.സി.ചാക്കോ, റവ.നഥാനിയേൽ റമ്പാൻ, ഫാ.പി.വൈ.ജസൻ എന്നിവർ പ്രസംഗിച്ചു.

അനുസരണയുടെയും ചിട്ടയുടെയും മികച്ച മാതൃകയാണ് അപ്രേം റമ്പാനെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. എല്ലാ ദയറാ പ്രസ്ഥാനത്തിനും പൊതുവായ ചിട്ടയും ശൈലിയും ഉണ്ടാകുന്നതു നല്ലതാണ്. അതു മൈലപ്ര ആശ്രമത്തിൽ കാണാം. മനുഷ്യർ കൂടുമ്പോൾ ഒരുപോലെ ചിന്തിക്കണമെന്നില്ല. പക്ഷെ അനുസരണം വളരെ നല്ലതാണെന്നും അദ്ദേഹം പറഞ്ഞു. സമയക്കുറവെന്നു പറഞ്ഞു പലതിൽനിന്നും ഒഴിഞ്ഞുമാറുന്ന പ്രവണത ഇന്നുണ്ടെന്നും തിരക്കിനിടയിലും പ്രാർത്ഥിക്കാനും മനുഷ്യരെ കരുതാനും ശ്രദ്ധിക്കണമെന്നും മറുപടി പ്രസംഗത്തിൽ അപ്രേം റമ്പാൻ പറഞ്ഞു. ദൈവകൃപയാലാണ് ഈ സാധാരണ മനുഷ്യനു 100 വയസ്സുവരെ ജീവിക്കാൻ കഴിഞ്ഞതെന്നും അദ്ദേഹം പറഞ്ഞു.

# കാതോലിക്കാദിനാഘോഷത്തിന്റെ പ്രസക്തി......പേജ് 1–ൽനിന്ന്

രിവുകളും, പടലപിണക്കങ്ങളും, സൗന്ദര്യപിണക്കങ്ങളും ഇവിടെ വന്ന പിതാക്കന്മാരോടുള്ള ചിലരുടെ വ്യക്തിബന്ധങ്ങളും അവരിൽനിന്നും പട്ടമേറ്റതുമൂലമുള്ള പുരോഹിതരുടെ വിധേയത്വവും ഒക്കെ അതിനു കാരണമായിട്ടുണ്ട്. അമിതമായ അന്ത്യോഖ്യൻസഭാഭക്തി അവരിൽ ചിലരിൽ എപ്പോഴും പ്രകടമായിരുന്നു. അത് അവർക്ക് ഒരു വികാരവും അവരുടെ വിശ്വാസത്തിന്റെ ഭാഗവുമാണ്. അത് ഉപേക്ഷിക്കുവാൻ അവർ തയ്യാറല്ല. അവരിൽ ചിലരാണ് "അമ്മയെ മറന്നാലും അന്ത്യോഖ്യയെ മറക്കില്ല" എന്ന് ഇന്ന് മുദ്രാവാക്യം മുഴക്കുന്നവർ. ഇതാണ് കാതോലിക്കാ സ്ഥാപനത്തിനു ഏതാനും വർഷങ്ങൾക്കു മുമ്പുള്ള മലങ്കരസഭയുടെ ഒരു പരിച്ഛേദം.

ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാശ്ചാത്യസുറിയാനി സഭയുടെ ആരാധനാ പാരമ്പര്യത്തിലേക്കും വിശ്വാസത്തിലേക്കും മലങ്കരസഭ വരുന്നത്. അന്ത്യോഖ്യൻ സുറിയാനി സഭാപിതാക്കന്മാർ അതിവിടെ കൊണ്ടുവന്നു. പ.പരുമല തിരുമേനിയെപ്പോലെയും പുലിക്കോട്ടിൽ തിരുമേനിയേപ്പോലെയുമുള്ള പിതാക്കന്മാരും, ഇടവഴിക്കൽ (ക്നാനായ) ഫിലിപ്പോസ് കത്തനാരെയുംപോലുള്ള പുരോഹിതന്മാരും പ.വട്ടശ്ശേരിൽ തിരുമേനിയെയും, കോനാട്ട് മല്പാന്മാരെപോലെയുള്ള മല്പാന്മാരും അതിവിടെ പ്രചരിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചു. അന്ത്യോഖ്യൻ സുറിയാനിസഭയുടെ വിശ്വാസം, ആരാധന, നടപടിക്രമങ്ങൾ, പാരമ്പര്യങ്ങൾ പതിവുകൾ എന്നിവയിൽനിന്ന് അണുവിട വ്യതിചലിക്കുന്നതിനോ അതിൽനിന്ന് ഇടത്തോട്ടോ വലത്തോട്ടോ മാറുന്നതിനോ ഇവരാരും തയ്യാറായിരുന്നില്ല.

ഇതിനോട് ചേർന്നുതന്നെ പറയേണ്ട വേറൊരു കാര്യമുണ്ട്. ഇവിടെ വന്നിരുന്ന പിതാക്കന്മാർ പിന്തുടരുന്ന ആരാധാനാരീതികൾക്കു ചില ചെറിയ വ്യത്യാസമുണ്ടായിരുന്നു. അത് അല്പംകൂടി വിശദമാക്കാം. അന്ത്യോഖ്യൻ സുറിയാനി സഭയിൽനിന്ന് 1665–1876 കാലഘട്ടങ്ങളിൽ വന്ന പത്തു പിതാക്കന്മാരും ഒരു സ്ഥലത്തുനിന്നുള്ളവരായിരുന്നില്ല. സിറിയായിൽനിന്നും ഇറാനിൽനിന്നും ഇറാഖിൽനിന്നും തുർതിയിൽനിന്നും ഒക്കെയാണവർ വന്നത്. അവിടെയൊന്നും ആരാധനയിൽ വലിയ ഏകീകരണമൊന്നും അക്കാലത്ത് ഉണ്ടായിരുന്നില്ല. കാലദേശ സംസ്ക്കാര വ്യത്യാസങ്ങളനുസരിച്ച് അല്ലറ ചില്ലറ വ്യത്യാസങ്ങൾ പല കാര്യങ്ങളിലും വന്നിട്ടുണ്ടായിരുന്നു. ഓരോ സ്ഥലത്തുനിന്നു വന്ന പിതാക്കന്മാർ അവരുടെ ദേശത്തിന്റെയും അവർ പിന്തുടർന്നു വന്നതുമായ പതിവുകൾ ഇവിടെ പരിചയപ്പെടുത്തി. അതുകൊണ്ടാണ് ഇപ്പോഴും നമ്മുടെ സഭയിൽ തെക്കും വടക്കും ഒക്കെ പല രീതികളും വ്യത്യസ്തങ്ങളായ പല പതിവുകളും വേറിട്ട ചില ആചാരാനുഷ്ഠാനങ്ങളും നിലനിൽക്കുന്നത്.

ഇതിനിടെ വേറൊരു കാര്യം ഓർക്കുന്നു. തുടർച്ചയായ മൂന്നുവർഷങ്ങളിൽ പ.മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയും പ.ദിദിമോസ് ബാവാ തിരുമേനിയും അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയും പഴയ സെമിനാരിയിൽ കഷ്ടാനുഭവാഴ്ച ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ചില കാര്യങ്ങൾ മൂന്നുപേരും മൂന്നു രീതിയിലാണ് ചെയ്തത്. അവർ പഠിച്ചതും പരിചയിച്ചതും അതായിരുന്നു. അതിൽനിന്നു മാറാനും അവർ തയ്യാറായില്ല. അതിലേതെങ്കിലും ഒന്ന് തെറ്റായിരുന്നു എന്ന് ആർക്കും പയാൻ കഴിയില്ല. സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കോരുത് മല്പാനച്ചനും, ഏബ്രഹാം അച്ചനും വ്യത്യസ്ത രീതികളുണ്ടായിരുന്നു. അവർ അത് പുലർത്തുകയും ചെയ്തു. യൂലിയോസ് ബാവാ ഇങ്ങനാണ് പറഞ്ഞിട്ടുള്ളത്, അല്ലെങ്കിൽ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഇങ്ങനെയാണ് കാണിച്ചുതന്നിട്ടുള്ളത് എന്ന് അവർ അഭിമാനത്തോടെ പറയുമായിരുന്നു. അതിൽനിന്ന് വ്യതിചലിക്കുവാൻ അവർ തയ്യാറുമായിരുന്നില്ല.

പഴയസെമിനാരിയിലും മലേക്കുരിശ് ദയറായിലും വെട്ടിക്കൽ സെമിനാരിയിലും മഞ്ഞനിക്കര ദയറായിലും ഈ വ്യത്യാസങ്ങൾ ഉണ്ട്. മലങ്കരസഭയിലെ തന്നെ തെക്കൻ ഭദ്രാസനങ്ങളിലുള്ള പള്ളികളിൽ ഏവൻഗേലിയോൻ മേശ മദ്ബഹായിൽ തെക്കുവശത്തായാണിടുന്നത്. എന്നാൽ വടക്കുള്ള ചില പള്ളികളിൽ മദ്ബഹായിൽ വടക്കുവശത്താണ് ഏവൻഗേലിയോൻ മേശയുടെ സ്ഥാനം. ആരാധനയിൽ നിലനിൽക്കുന്ന ഈ വൈവിധ്യം സുറിയാനി സഭാപാരമ്പര്യത്തിന്റെ ഒരു ശ്രേഷ്ഠതയായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

പതിവുകൾ വ്യത്യസ്തങ്ങളാണെങ്കിലും അതുപോലെ കാത്തുസൂക്ഷിക്കുന്നതാണ് നല്ലത്. ആ വൈവിധ്യം കാത്തുസൂക്ഷിക്കാൻ പിതാക്കന്മാർ തയ്യാറായതുകൊണ്ടാണല്ലോ വ്യത്യസ്തങ്ങളും വൈവിധ്യങ്ങൾ നിറഞ്ഞതുമായ തൊണ്ണൂറോളം കുർബ്ബാന തക്സാകൾ സുറിയാനി സഭയിൽ ഉണ്ടായത്. അതേപോലെ തന്നെ മറ്റ് കൂദാശാക്രമങ്ങളിലും വൈവിധ്യങ്ങൾ ധാരാളമായുണ്ട്.

## മലങ്കരയിൽ പാശ്ചാത്യ സുറിയാനി ആരാധന പ്രചരിപ്പിച്ചവർ

ഇപ്പോൾ ഉപയോഗിക്കുന്ന പാശ്ചാത്യസുറിയാനി ആരാധനാപാരമ്പര്യം മലങ്കരയിൽ പ്രചരിപ്പിച്ച പ്രധാനികൾ ആരെന്നു നോക്കാം.

മലങ്കരസഭയിൽ അന്ത്യോഖ്യൻ ആരാധനാരീതി പ്രചരിച്ചതിനെക്കുറിച്ച് സീറോമലങ്കര കത്തോലിക്കാ സഭയുടെ അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് കാതോലിക്കാ, മെത്രാനായിരിക്കുമ്പോൾ സെന്റ് തോമസ് എൻസൈക്ലോപീഡിയ എന്ന ബൃഹത്ഗ്രന്ഥത്തിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. വളരെ ഗഹനവും ആധികാരികവുമായ ഒരു പഠനമാണത്. അതുപോലെ വന്ദ്യ വി.സി.ശമുവേലച്ചൻ എഴുതിയിട്ടുള്ള പല ലേഖനങ്ങളിലും ആധൂനികഭാരതസഭ എന്ന ദിവ്യബോധനം പുസ്തകത്തിലും ഇതുസംബന്ധിച്ച് പരാമർശിക്കുന്നുണ്ട്.

മലങ്കരസഭാചരിത്രം എഴുതിയിട്ടുള്ള പ്രധാന ചരിത്രമാകരന്മാരെല്ലാം ഇക്കാര്യം പരാമർശിക്കുന്നുണ്ട്.

1665ൽ വന്ന യറുശലേമിലെ ഗ്രീഗോറിയോസിന് അന്ത്യോഖ്യൻ ആരാധനാക്രമം പ്രചരിപ്പിക്കാൻ സാധിച്ചില്ല. എന്നാൽ വി.കുർബ്ബാനയ്ക്ക് പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്ന പതിവ് പുനസ്ഥാപിക്കാൻ സാധിച്ചു. (1599 മുതൽ 1653 വരെ റോമാക്കാരുടെ ഭരണത്തിൻകീഴിലായിരുന്നപ്പോൾ പുളിപ്പില്ലാത്ത അപ്പമായിരുന്നു ഉപയോഗിച്ചിരുന്നത് എന്ന് വ്യക്തം.) അതോടൊപ്പം പെരുന്നാളുകളുടെ തീയതികൾ ഉൾക്കൊള്ളുന്ന ആരാധനാ കലണ്ടറും മറ്റും നിലവിൽ വരുത്തി അന്ത്യോഖ്യൻ ആരാധന ഇവിടെ നിലവിൽവരുത്താൻ അദ്ദേഹം കളമൊരുക്കി.

ഇതിനുശേഷം 1751–ൽ മലങ്കരയിലെത്തിയ വൈദികസംഘത്തിൽപ്പെട്ട മൂന്നു പിതാക്കന്മാരുണ്ട്. അവരാണ് അന്ത്യോഖ്യൻ ആരാധനാക്രമം മലങ്കരയിൽ പ്രചരിപ്പിച്ചവർ.

കണ്ടനാട് കബറടങ്ങിയിരിക്കുന്ന പ.ബസ്സേലിയോസ് ശക്രള്ള ബാവാ (മഫ്രിയാൻ) (1764), മുളന്തുരുത്തിയിൽ കബറടങ്ങിയിരിക്കുന്ന മാർ ഗ്രിഗോറിയോസ് (1772), ചെങ്ങന്നൂരിൽ കബറടങ്ങിയിരിക്കുന്ന മാർ ഈവാനിയോസ് (1794) എന്നീ പിതാക്കന്മാരാണവർ.

വി.സി.ശമുവേലച്ചൻ എഴുതിയിരിക്കുന്നു "1751 മുതൽ 1794 വരെയുള്ള നാൽപത്തിമൂന്നുവർഷക്കാലം അന്ത്യോഖ്യൻ സുറിയാനിസഭയുടെ വിശ്വാസപരവും ആരാധനാപരവും ശിക്ഷണപരവുമായ പാരമ്പര്യങ്ങൾ മലങ്കര സുറിയാനിസഭയിൽ വ്യാപകമായി പ്രചരിപ്പക്കുവാൻ സിറിയൻ മേൽപട്ടക്കാർക്കു കഴിഞ്ഞു."

അന്ത്യോഖ്യൻ സഭയുടെ വിശ്വാസം ഇവിടെ സ്ഥാപിക്കുക എന്നതായിരുന്നു ഇവരുടെ നിയോഗം. അവരെ ഇങ്ങോട്ടയച്ച സാഹചര്യത്തെക്കുറിച്ച് അന്നത്തെ പ.ഗീവർഗീസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ 1753–ൽ മാർത്തോമ്മാ അഞ്ചാമന്റെ പേർക്ക് എഴുതിയ കല്പനയിൽ ഇത് വ്യക്തമാക്കുന്നുണ്ട്.

അതിപ്രകാരമാണ് "........സുറിയാനിക്കാരായ ഞങ്ങളുടെ അനുഷ്ഠാനാചാരങ്ങൾക്ക് വിരുദ്ധമായിട്ടുള്ളവയാണ് നെസ്തോറിയരും മറ്റും നിങ്ങളുടെ ഇടയിൽ വിതച്ചിട്ടുള്ള രീതികൾ. അവ പിഴുതുമാറ്റണം. പരിശുദ്ധറൂഹാവഴി നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കർത്താവായ യേശുമിശിഹായുടെ അധികാരത്തിൽ പത്രോസിന്റെ സിംഹാസനത്തിന്റെ പരമാധികാരത്തിങ്കലേക്ക് നമ്മെ നടത്തിയ അധികാരത്തിൽ – ഉറച്ചുനിന്നുകൊണ്ട് ആവശ്യപ്പെടുന്നു, നിങ്ങൾ അന്ത്യോഖ്യയുടെ പരമാധികാരം അംഗീകരിക്കണം, എല്ലാ ആജ്ഞകളും അനുസരിക്കണം. അനന്നുരൂപമായ എല്ലാ ആചാരാനുഷ്ഠാനങ്ങളും ചുവടോടെ പറിച്ചുമാറ്റണം......"

നെസ്തോറിയൻ എന്ന് ആക്ഷേപിച്ചിരുന്നതും എന്നാൽ നൂറ്റാണ്ടുകളായി മലങ്കര സഭയിൽ നിലനിന്നിരുന്നതുമായ വിശ്വാസത്തിൽനിന്നും പോർട്ടുഗീസ് കാലഘട്ടത്തിൽ റോമ്മാക്കാർ ഇവിടെ വിതച്ച രീതികളിൽനിന്നും മലങ്കരസഭയെ ശുദ്ധമാക്കുക, അതോടൊപ്പം സുറിയാനിസഭയുടെ വിശ്വാസം സ്ഥാപിക്കുക എന്നതായിരുന്നു ഈ പിതാക്കന്മാരുടെ പ്രധാന ജോലി. അതിലവർ വിജയിച്ചു. അതോടൊപ്പം തന്നെ ഇന്നു നാം ഉപയോഗിക്കുന്ന പാശ്ചാത്യസുറിയാനിഭാഷയിലുള്ള അന്ത്യോഖ്യൻ സുറിയാനിസഭയുടെ ആരാധനയും അനുബന്ധ കാര്യങ്ങളും ഇവിടെ പ്രചരിപ്പിച്ചത് ഇവരാണ്. ഇവർ ഇവിടെ വരുന്നകാലത്ത് കിഴക്കൻ സുറിയാനിഭാഷയിലുള്ള കൽദായ സഭയുടേതോ, അല്ലെങ്കിൽ റോമ്മാക്കാർ തിരുത്തൽ വരുത്തിയ കൽദായ ആരാധനയോ ആയിരുന്നു ഇവിടെ ഉണ്ടായിരുന്നത്. അതിൽ ഒരു പുസ്തകത്തിന്റെ കോപ്പി ചെങ്ങന്നൂർ അത്താനാസിയോസ് തിരുമേനിയുടെ കയ്യിലുണ്ടായിരുന്നത് ഞാൻ മുമ്പു സൂചിപ്പിച്ചല്ലോ.

മലങ്കര റീത്തിലെ ബഹു.ഗീവർഗീസ് ചേടിയത്ത് അച്ചൻ ഇതു സംബന്ധിച്ച് എഴുതിയിരിക്കുന്നു : "പൗരസ്ത്യ സുറിയാനിസഭയിൽനിന്നുള്ള ധാരാളം വാക്കുകൾ ഇപ്പോഴും കേരളത്തിൽ യാക്കോബായക്കാരും ഓർത്തഡോക്സുകാരും ഉൾപ്പെടെ മലങ്കരനസ്രാണികളെല്ലാം പൊതുവായി ഉപയോഗിക്കുന്നു. (ഗീവർഗീസ് പണിക്കർ. മലങ്കര കുർബ്ബാന തീർത്ഥാടകസഭയിൽ) നൂറ്റാണ്ടുകളായി വൈദികരുണ്ടായിരുന്ന പുത്തൻകൂർ സുറിയാനിക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ ഈയടുത്തകാലംവരെ പൗരസ്ത്യ സുറിയാനി ഭാഷയിൽ എഴുതിയ ഗ്രന്ഥങ്ങൾ സുലഭമായിരുന്നു."

ശക്രള്ളാ മഫ്രിയാനയുടെ 1751–ലെ മലബാർ യാത്രയെക്കുറിച്ച് പരാർമർശിച്ച് സമകാലീന രേഖകളും യാത്രാകുറിപ്പുകളും മറ്റും ഉദ്ധരിച്ച് പ.യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ എഴുതിയിരിക്കുന്നു : "ഓഗസ്റ്റ് 25–ാം തീയതി മലബാർ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യുവാനായി ശക്രള്ള മഫ്രിയാനാ ആമീദിൽനിന്നും ആലപ്പോയിലേക്കു പോയി മൂവായിരം രൂപാ വിലതീരുന്ന സഭാരാധനയ്ക്കുള്ള കയ്യെഴുത്ത് ഗ്രന്ഥങ്ങൾ, പള്ളിയുപകരണങ്ങൾ എന്നിവ അടങ്ങുന്ന സഭയ്ക്ക് ആവശ്യമായവ അദ്ദേഹം വാങ്ങി. ഈ ഗ്രന്ഥങ്ങളുടെ എണ്ണം പതിനെട്ടിൽ ഒന്നു കുറയും. എസ്ട്രംഗേലാ ലിപിയിൽ തുകലിൽ എഴുതിയിട്ടുള്ള മൂന്നു വിശിഷ്ട കയ്യെഴുത്തുകളും രണ്ട് അതിപുരാതന കയ്യെഴുത്തുകളും ഇവയിൽ ഉൾക്കൊള്ളുന്നു. ഇവയിൽ പ്രാധാന്യം അർഹിക്കുന്നവ ഹൂദായ കാനോൻ, ബർസ്ലീബിയുടെ സുവിശേഷ വ്യാഖ്യാനം എന്നിവയാണ്. മലബാറിലെ സഭയ്ക്കുള്ള സമ്മാനങ്ങളായി പാത്രിയർക്കീസ് നാൽപത്തിയാറ് മതപരമായ കയ്യെഴുത്തുകൾ, വ്യാഖ്യാനങ്ങൾ, നിയമസംഹിതകൾ എന്നിവ അയച്ചുകൊടുത്തു. അവയിൽ സുറിയാനിയിലുള്ള മൂന്ന് അതിപുരാതന പഴയനിയമം, ബർസ്ലീബിയുടെ സുവിശേഷ വ്യാഖ്യാനം, ബാർഎബ്രായയുടെ ഹൂദായ കാനോൻ എന്നിവ അടങ്ങുന്നു. ജസീനായിലെ സഹദേന്മാരിൽ മുമ്പനായ മാർ ബഹനാമിന്റെ പള്ളിയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ സമ്പാദിച്ചതാണ് ഈ ഗ്രന്ഥം. ഇതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ നന്മകളുടെയും കാരണമായവന്റെ നാമത്തിൽ നാം ആരാധിക്കുന്ന ദൈവത്തിന്റെ അവർണ്ണനീയ ജ്ഞാനപ്രകാരം, പാപിയായ ഇഗ്നാത്തിയോസ് ആയ ഞാൻ ഈ ഹൂദായകാനോൻ സമ്പാദിച്ചു. യൗനായ വർഷം 1887–ൽ (എഡി.1576) പാത്രിയർക്കീസായ ദാവൂദും സഹോദരനായ മെത്രാൻ തോമ്മായും തങ്ങളുടെ ലൈബ്രറിയിലേക്ക് ഇത് കൂട്ടിച്ചേർത്തു........ കൂടാതെ ഇന്ത്യയിലേക്കുള്ള ദൗത്യസംഘത്തിന് ഒരു കാസായും പീലാസായും രണ്ട് കുരിശുകളും മൂന്ന് അംശവടികളും രണ്ട് തളികകളും രണ്ട് കൈമണികളും ഒരു ധൂപക്കുറ്റിയും രണ്ട് മർബഹ്സാകളും ചെമ്പുകൊണ്ടുണ്ടാക്കിയ രണ്ട് മെഴുകുതിരികാലുകളും മൂന്ന് കൈത്താളങ്ങളും വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളും പത്രിയർക്കീസ് നൽകി. മാർത്തോമ്മായുടെ വാഴ്ചയ്ക്കു ശേഷം അദ്ദേഹത്തിനു നൽകാനായി വി.മൂറോൻ ഇരുതലയുള്ള അംശവടി കുരിശ്......... എന്നിവയും കൊടുത്തയച്ചു........."

ശക്രള്ളാ മഫ്രിയാനായുടെയും സംഘത്തിന്റെയും തുടർന്നുള്ള യാത്രയെക്കുറിച്ച് ശക്രള്ളാ ബാവാ തന്നെ എഴുതിയിട്ടുണ്ട്. 1751 ഏപ്രിൽ ആദ്യം യാത്രതിരിച്ച അവർ മെയ് പകുതിയോടെ മലങ്കരയിലെത്തി. അതിനുശേഷം നാൽപത്തിമൂന്ന് വർഷക്കാലം ഇവിടെ താമസിച്ച് പ്രവർത്തിച്ച ഈ സംഘത്തിൽപ്പെട്ടവർ പ്രധാനമായും ചെങ്ങന്നൂരിൽ കബറടങ്ങിയിരിക്കുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലാണ് പാശ്ചാത്യ സുറിയാനി ആരാധനാക്രമങ്ങൾ മലങ്കരയിൽ പ്രചരിപ്പിച്ചത്. ഇതിനുശേഷം വന്ന പിതാക്കന്മാർ ഇവരുടെ പാത പിന്തുടർന്നു. ഈ രീതിയിൽ മലങ്കരയിൽ പ്രവർത്തിച്ച ശീമക്കാരായ പിതാക്കന്മാരോടുചേർന്ന് മലങ്കരയിലെ പ്രധാന വൈദികരും മല്പാന്മാരും സുറിയാനി പാരമ്പര്യം പ്രചരിപ്പിക്കാൻ ആവുംവണ്ണമെല്ലാം പ്രവർത്തിചച്ചു.

## സി.എം.എസ്. മിഷണറിമാരും പത്തൊൻപതാം നൂറ്റാണ്ടും

1810 ആകുമ്പോഴേയ്ക്കും മലങ്കരസഭയ്ക്കുള്ളിൽ സി.എം.എസ്. മിഷണറിമാർ പ്രവർത്തനം ആരംഭിച്ചു. വ്യവസ്ഥാപിതമായ രീതിയിലുള്ള അവരുടെ പ്രവർത്തനം അന്ത്യോഖ്യൻ ആരാധനാരീതികളുടെ ധ്യതഗതിയിലുള്ള പ്രചരണത്തിന് തടസ്സമായി. ഇത് മലങ്കരസഭയ്ക്കുള്ളിൽതന്നെ വേറൊരു ചേരിതിരിവിന് കളമൊരുക്കി. പാശ്ചാത്യസുറിയാനി ആരാധനാരീതികളെയും പാരമ്പര്യങ്ങളെയും പൂർണ്ണമായി അനുകൂലിച്ച് സഭയുടെ ഔദ്യോഗിക നേതൃത്വം നിലകൊണ്ടു എങ്കിലും സി.എം.എസ്. – ആംഗ്ലിക്കൻ രീതിയിലുള്ള നവീകരണത്തെ അനുകൂലിക്കുന്ന വേറൊരു വിഭാഗം മലങ്കരസഭയ്ക്കുള്ളിൽ രൂപം പ്രാപിച്ചുവന്നു. അതിനെതിരെ ശക്തമായി തീരുമാനം എടുക്കേണ്ടത് പാശ്ചാത്യസുറിയാനി വിശ്വാസവും ആരാധനയും സംര

(ശേഷം പേജ് 5–ൽ)

# തോമാശ്ലീഹായുടെ വരവും മതംമാറിയ ബ്രാഹ്മണരും

**തോമാശ്ലീഹാ ബ്രാഹ്മണരെ ക്രിസ്ത്യാനികളാക്കിയെന്ന തരത്തിലുള്ള മിത്തുകൾ തകർക്കപ്പെടണമെന്നുള്ള യാക്കോബായ സഭാ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് സാമൂഹ്യമാധ്യമങ്ങളിൽ വലിയ ചർച്ചകൾക്ക് കാരണമായിരിക്കുകയാണ്. എം.ജി.എസ്.നാരായണൻ, ഫാ.പോൾ തേലക്കാട്ട്, സാറാ ജോസഫ് തുടങ്ങിയവർ പ്രതികരിച്ചിട്ടുണ്ട്.**

## പ്രതിലോമകരമായ മിത്തുകൾ തകർക്കപ്പെടണം : ഗീവർഗീസ് മാർ കൂറിലോസ്

ഇന്ന് ഒരു തീരുമാനം കൂടി എടുക്കുന്നു. ഇനി മുതൽ കുടുംബയോഗവാർഷികം എന്ന പേരിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കില്ല. കൃത്രിമമായി സൃഷ്ടിച്ചെടുത്ത മേൽജാതി സ്വത്വവും പാരമ്പര്യവും ഊട്ടിയുറപ്പിക്കാനുള്ള കലാപരിപാടികളാണ് ഇവയിൽ ഒട്ടേറെയും.

ഒന്നുകിൽ പകലോമറ്റം, അല്ലെങ്കിൽ കള്ളിയാങ്കൽ ഇങ്ങനെപോകും ഇവരുടെ എല്ലാവരുടെയും വേരുകൾ. അവിടെയെല്ലാം ഉണ്ടായിരുന്ന ഇല്ലങ്ങളിലെ ബ്രാഹ്മണരെ തോമാശ്ലീഹാ ക്രിസ്ത്യാനികളാക്കിയവരാണ്. ഈ കുടുംബങ്ങളുടെയെല്ലാം പൂർവ്വികർപോലും ഇത്തരം അബദ്ധങ്ങൾ എല്ലാം ചേർത്ത് കുടുംബ ചരിത്രം കുടുംബചരിത്രം പുസ്തകമാക്കിവെക്കും. അടിസ്ഥാനരഹിതവും സവർണജാതിബദ്ധവും പ്രതിലോമകരവുമായ ഇത്തരം മിത്തുകൾ തകർക്കപ്പെടണം.

പലരും എന്നെ തിരുമേനി എന്നു വിളിക്കുന്നതും ഒരു സമർണനിർമ്മിത മിത്താണ്. സുഹൃത്തേ എന്നോ പിതാവേ എന്നോ ഇനി ഔപചാരികമാകണമെങ്കിൽ ബിഷപ്പ് എന്നോ വിളിക്കാമല്ലോ.

(കേരളാ കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡന്റും യാക്കോബായ സഭ നിരണം ഭദ്രാസനാധിപനുമായ ഗീവർഗീസ് മാർ കൂറിലോസിന്റെ ഫെയ്സ്ബുക്ക് പോസ്റ്റിൽനിന്ന്)

## കാതോലിക്കാദിനാഘോഷത്തിന്റെ .....പേജ് 4-ൽനിന്ന്

കാതോലിക്കാദിനാഘോഷത്തിന്റെ .....പേജ് 4-ൽനിന്ന്

ക്ഷിക്കുവാൻ ആവശ്യമായി വന്നു. അതേസമയം ഈ നിലപാട് പാശ്ചാത്യസുറിയാനി പാരമ്പര്യവും വിശ്വാസവും മലങ്കരസഭയിൽ കൂടുതൽ ഉറപ്പിക്കുവാൻ കാരണവുമായി. ഇതാണ് 1836-ൽ കൂടിയ മാവേലിക്കര സുന്നഹദോസിൽ സംഭവിച്ചത്.

### മാവേലിക്കര സുന്നഹദോസ്

മലങ്കര സഭയിൽ സി.എം.എസ് മിഷനറിമാർ ആവശ്യപ്പെട്ട രീതിയിൽ നവീകരണം നടത്തണമെന്ന് അവരും അവർക്ക് പിൻതുണ കൊടുത്തിരുന്ന ഇന്ത്യയിലെ ചില ബ്രിട്ടീഷ് ഭരണാധികാരികളും ആവശ്യപ്പെട്ടു. അതിനെക്കുറിച്ച് ആലോചിക്കുവാൻ വേണ്ടിയാണ് മാവേലിക്കര സുന്നഹദോസ് കൂടിയത്. മിഷനറിമാരുടെ നിർദ്ദേശങ്ങൾ അവഗണിക്കണമെന്നു തന്നെയായിരുന്നു മലങ്കര സഭയുടെ നിലപാട്. അതിന് ഒരു ഔദ്യോഗിക പരിവേഷം നൽകുവാനാണ് സുന്നഹദോസ് വിളിച്ചു കൂട്ടിയത്. മലങ്കര മെത്രാപ്പോലീത്തയായിരുന്നു ചേപ്പാട് മാർ ദിവന്നാസ്യോസും ആഞ്ഞൂർ മെത്രാനായിരുന്ന മാർ കൂറിലോസും അദ്ധ്യക്ഷത വഹിച്ച ആ സുന്നഹദോസിൽ വൈദികരും പള്ളിപ്രതിപുരുഷന്മാരും ഉൾപ്പെടെ മലങ്കരയിലെ തെക്കും വടക്കുമുള്ള എല്ലാ പള്ളികളുടെയും പ്രതിനിധികൾ സംബന്ധിച്ചു. മലങ്കരസഭയുടെ പൂർവ്വചരിത്രം വിസ്മരിച്ചു സി.എം.എസ്സ് ബന്ധം വിച്ഛേദിക്കുക എന്ന ലക്ഷ്യം മാത്രം വച്ചുകൊണ്ട് മാവേലിക്കര പടിയോല എന്ന പേരിലറിയപ്പെടുന്ന സുപ്രധാനമായ തീരുമാനങ്ങൾ ആ സുന്നഹദോസ് ചെയ്തു.

പടിയോലയിലെ ഒരു പ്രധാന തീരുമാനം യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രിയർക്കീസിന്റെ വാഴ്ചയ്ക്കു കീഴ്പ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയക്കപ്പെട്ട മേൽപട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും (ശുശ്രൂഷാക്രമങ്ങൾ) ചട്ടങ്ങളും അനുസരിച്ച് നടന്നുവരുന്നതും ആകയാൽ ആയതിന് യാതൊരു വ്യത്യാസം എങ്കിലും നമ്മുടെ പള്ളികളിൽ വരുത്തുകയോ ആ ആരാധന (ശുശ്രൂഷാ) പാരമ്പര്യത്തിൽനിന്നു വ്യതിചലിക്കാനോ അതിനുവിരുദ്ധമായ ഒന്ന് നിലനിർത്തുവാനോ പഠിപ്പിക്കുവാനോ........... ആർക്കും അധികാരം ഇല്ലാത്തതുമാകുന്നു......... അങ്ങനെ 1836-ലെ മാവേലിക്കര സുന്നഹദോസിൽവെച്ച് മലങ്കരസഭയുടെ ആരാധനാപാരമ്പര്യം പാശ്ചാത്യസുറിയാനിസഭയുടേതാണെന്നും അന്ത്യോഖ്യൻ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട പിതാക്കന്മാരാൽ അത് ഇവിടെ പ്രചരിപ്പിക്കപ്പെട്ടതാണെന്നും ഔദ്യോഗികമായി തീരുമാനിച്ച് പ്രഖ്യാപിച്ചു.

ഇതിന്റെ തുടർച്ചയായ തീരുമാനങ്ങളും നടപടികളുമാണ് പത്തൊൻപതാം നൂറ്റാണ്ടിന്റെ ശേഷമുള്ള കാലഘട്ടത്തിൽ നടന്നത്. നവീകരണം ശക്തിപ്രാപിച്ചതോടെ അതിനോടുള്ള എതിർപ്പും ശക്തമായി. അത് വർദ്ധിത വീര്യത്തോടെ പാശ്ചാത്യ സുറിയാനി പാരമ്പര്യം പ്രചരിപ്പിക്കുവാൻ കാരണമായി. അന്ത്യോഖ്യൻ സുറിയാനിസഭയുടെ ആരാധനയും വിശ്വാസവും പുലർത്തുന്നതും കാത്തുസൂക്ഷിക്കുന്നതും സത്യവിശ്വാസത്തിന്റെ വ്യക്തമായ അടയാളമായി മാറി.

### മുളന്തുരുത്തി സുന്നഹദോസ്

സഭയ്ക്കുള്ളിലെ ഭിന്നത രൂക്ഷമായപ്പോൾ പ.അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് മൂന്നാമൻ തന്നെ മലങ്കരയിലേക്ക് എഴുന്നള്ളിവന്നു. നവീകരണക്കാരെ പൂർണ്ണമായി ഒഴിവാക്കി നിർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാടുകൾ. അദ്ദേഹം നേതൃത്വം നൽകി 1876-ൽ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടി. മുളന്തുരുത്തി സുന്നഹദോസിന്റെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളിൽ ഒന്ന് അന്ത്യോഖ്യായുടെ സിംഹാസനത്തിങ്കലെ ചൊല്ലുവിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതിരിപ്പാൻ മലങ്കരയിലുള്ള എല്ലാ ഇടവകകളും പാത്രിയർക്കീസിന് ഓരോ രജിസ്ട്രേഡ് ഉടമ്പടി എഴുതിക്കൊടുക്കണമെന്നതായിരുന്നു. യാക്കോബായ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കുവേണ്ടി സഭാനടപടികളും കാനോനുകളുമടങ്ങുന്ന പുസ്തകങ്ങൾ എല്ലാ പള്ളികൾക്കും അച്ചടിപ്പിച്ചുകൊടുക്കുവാനും അതനുസരിച്ച് ഇനി നടന്നുകൊള്ളുവാനും സുന്നഹദോസ് നിശ്ചയിച്ചു. മലങ്കരസഭയ്ക്ക് ആവശ്യമുള്ള മൂറോൻ എത്തിച്ചുകൊടുക്കാമെന്ന് പ.പാത്രിയർക്കീസ് ബാവാ ഉറപ്പുനൽകി. സുന്നഹദോസിനു ശേഷം മലങ്കരയിലെ വിവിധ പള്ളികൾ സന്ദർശിച്ച പ.പാത്രിയർക്കീസ് നെസ്തോറിയൻ, റോമൻ, ആംഗ്ലിക്കൻ ബന്ധങ്ങളുടെ അവശിഷ്ടമായി നിലനിന്നിരുന്ന പല ആചാരങ്ങളും നിർത്തലാക്കി. ചന്ദനപ്പള്ളി പള്ളിയിലുണ്ടായിരുന്ന ഗീവർഗീസ് സഹദായുടെ കുതിരയെ വെട്ടിക്കീറുന്നത് ഉൾപ്പെടെയുള്ള നടപടികൾ അദ്ദേഹം സ്വീകരിച്ചു. 1665 മുതൽ 1876 വരെയുണ്ടായ വിവിധ ചരിത്രസംഭവങ്ങളുടെ പശ്ചാത്തലത്തിലും മലങ്കരയിലേക്ക് വന്ന അന്ത്യോഖ്യൻ സഭാപിതാക്കന്മാരുടെയും മലങ്കരസഭയിലെ തന്നെ പിതാക്കന്മാരുടെയും മല്പാന്മാരുടെയും ശ്രമഫലമായി പത്തൊൻപതാം നൂറ്റാണ്ട് അവസാനിക്കുമ്പോൾ പൂർണ്ണമായും മലങ്കരസഭ യാക്കോബായ വിശ്വാസത്തിലേക്കും ആരാധനാപാരമ്പര്യത്തിലേക്കും വന്നുചേർന്നു കഴിഞ്ഞിരുന്നു. ഇതാണ് കാതോലിക്കാസ്ഥാപനത്തിന്റെ ഒരു പശ്ചാത്തലം.

അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അധികാരം മലങ്കരസഭയിൽ സ്ഥാപിതമാകുന്നതെങ്ങനെയെന്ന് അടുത്തലക്കം പരിശോധിക്കാം.

## തോമാശ്ലീഹാ ബ്രാഹ്മണരെ മാമോദീസാ മുക്കിയെന്നത് അസംബന്ധം : ഫാ.പോൾ തേലക്കാട്ട്

മലയാളികെ ആകെ ഒരുതരം നിരർത്ഥകമായ സവർണസ്വത്വബോധം നയിക്കുന്നുണ്ട്. ഊതിപ്പെരുപ്പിച്ച കുടുംബമഹിമകളും ജാതിചരിത്രങ്ങളും സൃഷ്ടിച്ച് സ്വയം മഹത്വം കല്പിക്കുന്നവുടെ സമൂഹമായി മാറിയിരിക്കുന്നു മലയാളികൾ. ഇത് ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രമായി ഗ്രസിച്ചിരിക്കുന്ന കാര്യമല്ല. നമ്മുടെ അഭിസംബോധനകളിൽപോലും വ്യാജമായ ദുരഭിമാന അടയാളങ്ങൾ പ്രകടമാണ്. അരമന എന്നാൽ പാതിമന എന്നാണ്. അതേപോലെ തിരുമേനി എന്നാൽ പവിത്രമായ മേനി എന്നാണ്. ഈ പ്രയോഗങ്ങളെല്ലാം തന്നെ സവർണ്ണജാതിബോധത്തിൽനിന്ന് ഉൽഭവിച്ചിട്ടുള്ളതാണെന്നതിൽ സംശയമില്ല. എന്നുമുതലാണ് ക്രിസ്ത്യൻ മതത്തിൽ അത്തരം അഭിസംബോധനകൾ കടന്നുവന്നതെന്നു ചിന്തിക്കേണ്ടതുണ്ട്. ഒന്നാം നൂറ്റാണ്ടിൽ ഇവിടെ തോമാശ്ലീഹാ വന്ന് ബ്രാഹ്മണരെ മാമോദീസാ മുക്കിയെന്നു പറയുന്നത് ശുദ്ധ അസംബന്ധം തന്നെയാണ്.

അക്കാര്യം ബനഡിക്റ്റ് മാർപാപ്പാപോലും ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ കേരളത്തിലെ ചില ചിതറിയ മതമേധാവികൾ അതംഗീകരിക്കാൻ തയ്യാറായില്ല. തോമാശ്ലീഹാ കേരളത്തിലെത്തിയെന്നതിന് വ്യക്തമായ തെളിവില്ല. അക്കാലത്ത് ബ്രാഹ്മണർ കേരളത്തിലെത്തിയിട്ടില്ല എന്നതാണ് യഥാർത്ഥ ചരിത്രം. എന്നാൽ ഒന്നാം നൂറ്റാണ്ടിലും ഇവിടെ ക്രിസ്റ്റ്യാനിറ്റി നിലനിന്നിരുന്നുവെന്നതാണ് സത്യം. തന്നെയുമല്ല അന്നത്തെ ക്രിസ്റ്റ്യാനിറ്റിയിൽ ജാതിവേർതിരിവുകൾ ഉണ്ടായിരുന്നില്ല. പിന്നീട് ബ്രാഹ്മണ്യത്തിന്റെ കേരളത്തിലേക്കുള്ള വരവോടെയാണ് ക്രൈസ്തവർക്കിടയിൽ ജാതിയുടെ വേർതിരിവുകൾ കടന്നുവന്നത്. അതിന്നും നിലനിൽക്കുന്നു. സുറിയാനി ക്രിസ്ത്യാനികളും ലത്തീൻ ക്രിസ്ത്യാനികളും തമ്മിൽ സാമൂഹ്യപരമായ അന്തരം ഇന്നും നിലനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമല്ലേ. ലോകത്തിലെ ഏറ്റവും മാനവികമായ കാഴ്ചപ്പാടുള്ള രണ്ടു ബോധധാരകളാണ് മാർക്സിസവും ക്രിസ്റ്റ്യാനിറ്റിയും. ഇവ രണ്ടിലും സവർണജാതിബോധം കടന്നുവന്നതോടെയാണ് രണ്ടിലും ജാതികാഴ്ചപ്പാടുകൾ വേരോടിത്തുടങ്ങിയത്. ഇ.എം.എസും പി.ഗോവിന്ദപ്പിള്ളയും തങ്ങളുടെ പേരിന്റെയൊപ്പം വാൽ ചേർക്കുന്നത് ഈ സവർണ ജാതിബോധംകൊണ്ടുതന്നെയാണെന്നുള്ളതിൽ സംശയമില്ല. എന്തിന് ക്രൈസ്തവസഭകളിൽ മെത്രാനെ തെരഞ്ഞെടുക്കുമ്പോഴും കന്യാസ്ത്രീകളെ തെരഞ്ഞെടുക്കുമ്പോഴുമൊക്കെ ജാതി ഒരു നിർണ്ണായക ഘടകമായി കടന്നുവരുന്നുണ്ട്.

## വ്യാജ ചരിത്രവ്യാഖ്യാനങ്ങൾ സൃഷ്ടിക്കപ്പെടുന്നു : എം.ജി. എസ്.നാരായണൻ

മലയാളിയെ സവർണ സ്വത്വബോധമാണ് നയിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. തങ്ങൾ ശ്രേഷ്ഠ ജന്മങ്ങളാണെന്നു സ്ഥാപിച്ചെടുക്കുവാൻ വേണ്ടുന്ന വ്യാജചരിത്രങ്ങൾ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നുണ്ടെന്നുള്ളതിലും സംശയമില്ല. എല്ലാക്കാലത്തും ഇത്തരത്തിൽ ഓരോ ചരിത്രങ്ങൾ കൃത്രിമമായി ചമയ്ക്കപ്പെട്ടിട്ടുണ്ട്. ഇത്തരം വ്യാജ ചരിത്രത്തെക്കുറിച്ച് പുനപരിശോധനകൾ ആവശ്യമാണ്.

കേരളത്തിൽ ഒന്നാം നൂറ്റാണ്ടിൽ മതവൽക്കരണം നടന്നതായി ചിലർ പ്രചരിപ്പിക്കുന്നുണ്ട്. ബ്രാഹ്മണരെ ക്രിസ്തുമതത്തിലേക്ക് മാമോദീസാ മുക്കി ക്രിസ്ത്യാനികളാക്കി എന്നൊക്കെയാണ് ചിലർ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഇതൊക്കെ വെറും കെട്ടുകഥകളാണ്. തോമാശ്ലീഹാ കേരളത്തിലെത്തി ഇവിടുത്തെ ബ്രാഹ്മണരെയെല്ലാം ക്രൈസ്തവമതത്തിലേക്ക് പരിവർത്തനം ചെയ്യിച്ച കൂട്ടത്തിൽപ്പെട്ടവരാണ് തങ്ങളെന്ന് ചിലർ അഭിമാനത്തിനായി പറയുന്നുണ്ട്. തോമാശ്ലീഹാ കേരളത്തിലെത്തി എന്നതിനുപോലും കൃത്യമായ തെളിവില്ല. അതൊക്കെ വെറും മിത്തുകളാണ്. തന്നെയുമല്ല കേരളത്തിലേക്ക് ബ്രാഹ്മണർ ആദ്യമായി എത്തിയതുതന്നെ എട്ടാം നൂറ്റാണ്ടിലാണ്. പിന്നെങ്ങനെയാണ് ഒന്നാം നൂറ്റാണ്ടിൽ തോമാശ്ലീഹാ മതംമാറ്റിയെന്നു അവകാശപ്പെടുന്നത്. ഒരടിസ്ഥാനവുമില്ലാത്ത അവകാശവാദങ്ങളാണത്. ഈ അവകാശവാദങ്ങൾക്കൊന്നും കൃത്യമായ തെളിവുകളില്ല. ആർക്കിയോളജിക്കൽ വിഭാഗം ഇതുസംബന്ധിച്ച് കൂടുതൽ തെളിവുണ്ടെങ്കിൽ അവ കണ്ടെത്തി സത്യം പുറത്തുകൊണ്ടുവരേണ്ടതാണ്.

ഒരു ക്രൈസ്തവ മേലദ്ധ്യക്ഷൻ അദ്ദേഹത്തെ തിരുമേനി എന്ന് അഭിസംബോധന ചെയ്യേണ്ടെന്നു പറയുന്നത് അദ്ദേഹത്തിന്റെ വ്യക്തിപരമായ നിലപാട് മാത്രമാണ്. തിരുമേനി എന്ന അഭിസംബോധനയുടെ ആന്തരീകസത്ത അപ്രകാരം വിളിക്കുന്ന ആളിന്റെ മനോനിലയെ ആശ്രയിച്ചിരിക്കും.

## മതസ്ഥാപനങ്ങൾ അധികാരസ്ഥാനങ്ങളെ സൃഷ്ടിക്കുന്നു : സാറാ ജോസഫ്

ഒരു സവർണ സ്വത്വബോധത്തിലേക്കു നയിക്കുന്ന തരത്തിൽ മതസ്ഥാപനങ്ങൾ തന്നെ സ്ഥാനമാനങ്ങളെ ശ്രേണീബദ്ധമായി നിർമ്മിച്ചുവെച്ചിട്ടുണ്ട്. തിരുമേനി എന്നു പറയുമ്പോൾ അതിനുള്ളിൽ അധികാരത്തിന്റെ അംശമുണ്ട്. താഴ്ന്നവരെല്ലാം അധികാരസ്ഥാനത്തിനു കീഴ്പ്പെട്ടു നിൽക്കണമെന്ന സന്ദേശമാണ് അത് നൽകുന്നത്. മാർ കൂറിലോസ് ഇത് നേരത്തെ പറയേണ്ടതായിരുന്നു.

എന്നാൽ മാർ ആലഞ്ചേരിയാണ് ഇതു പറയേണ്ടിയിരുന്നതെന്നാണ് പറയാനുള്ളത്. ക്രിസ്തു പഠിപ്പിച്ചിട്ടുള്ളത് നിങ്ങളിൽ എളിയവൻ വലിയവനും വലിയവൻ താഴ്ത്തപ്പെട്ടവനുമാകുമെന്നാണ്. ദളിതൻ മതംമാറിയാലും ക്രിസ്ത്യാനിയായാലും അവനെ അംഗീകരിക്കുവാൻ നാം തയ്യാറാകില്ല. അവനെ അപ്പോഴും ജാതീയമായി മാത്രം കാണാനേ നാം തയാറാകുന്നുള്ളു. ക്രിസ്തുവിനു മുന്നിൽ എല്ലാവരും ഒരുപോലെയാണ്. പക്ഷെ നമ്മുടെ മതസ്ഥാപനങ്ങൾപോലും സമത്വം പഠിപ്പിക്കാൻ തയ്യാറാകുന്നില്ല.

**(വായനക്കാരുടെ പ്രതികരണം അടുത്തലക്കം പ്രതീക്ഷിക്കുന്നു)**

## 42-ാം ചരമവാർഷികം



മലങ്കരസഭയുടെ ഭരണസിരാകേന്ദ്രങ്ങളിൽ 45 വർഷങ്ങൾ മാനേജരായി സേവനമനുഷ്ഠിച്ച തലക്കുളത്ത് ടി. സി. ജേക്കബ് അച്ചന്റെ നാൽപത്തിരണ്ടാം ഓർമ്മദിനവും അനുസ്മരണസമ്മേളനവും ഏപ്രിൽ 15 ഞായറാഴ്ച അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന ചീരഞ്ചിറ സെന്റ് മേരീസ് പള്ളിയിൽ സമുചിതമായി ആചരിച്ചു.

Vol. 24 Issue 12
April 15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2018-2020
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 35/2018-10

## വെബ് പേജിൽനിന്ന്

*സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.*

# ലോകത്തിലെ ഏറ്റവും സന്തോഷവാനായ മനുഷ്യൻ

എട്ടുവയസ്സ് മാത്രം പ്രായമുള്ളപ്പോൾ ജീവിതം മടുത്ത് നിരാശ മുറ്റി പലതവണ ആത്മഹത്യയ്ക്ക് ശ്രമിച്ചതാണ് നിക്ക് വ്യുജിചിച്ച്. രണ്ടു കയ്യും രണ്ടു കാലുമില്ലാത്ത അയാൾക്ക് മുങ്ങിമരിക്കാൻ വെറും ഒരു ബാത്ത്ടബ് ധാരാളം മതിയായിരുന്നു. മറ്റുകുട്ടികളെല്ലാം പൂമ്പാറ്റകളെപ്പോലെ പാറിനടന്ന് ഉല്ലസിക്കുന്നത് കാണുമ്പോഴൊക്കെ തന്നെ ഈ രൂപത്തിൽ സൃഷ്ടിച്ച ദൈവത്തെ അവൻ പഴിച്ചിരുന്നു.

ഓസ്ട്രേലിയയിലെ മെൽബൺ എന്ന സ്ഥലത്താണ് നിക്ക് ജനിച്ചത്. പിറന്നുവീണപ്പോൾ മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞിന്റെ രൂപം കണ്ട് ശരിക്കും അമ്പരന്നുപോയി. കൈ തോളിൽതന്നെ വച്ച് മുറിച്ച് മാറ്റപ്പെട്ടതുപോലെ, കാലുകളുടെ സ്ഥാനത്ത് കുഞ്ഞുപാദംപോലെ എന്തോ ഒന്ന്.

ഡോക്ടർമാർ പറഞ്ഞു ഈ അവസ്ഥയ്ക്ക് ടെട്രാ അമീലിയ സിൻഡ്രോം എന്ന് പറയും. വളരെ അപൂർവ്വമായി കണ്ടുവരുന്ന ഒരു പ്രതിഭാസം. വൈദ്യശാസ്ത്രത്തിനു പ്രതിവിധികൾ ഒന്നുമില്ല. വിധി അംഗീകരിക്കുകയേ നിവൃത്തിയുള്ളൂ.

തങ്ങളുടെ മകനെ മുറിക്കുള്ളിൽ തന്നെ ഒരു ഇഴജീവിയെപ്പോലെ വളർത്താൻ ആ മാതാപിതാക്കന്മാർക്ക് മനസ്സുവന്നില്ല.

സ്ക്കൂളിൽ ചേരാൻ പ്രായമായപ്പോൾ അവർ അവനെ സ്ക്കൂളിൽ അയച്ചു. സഹോദരങ്ങൾ രണ്ടുപേരും അവന് എല്ലാ കാര്യങ്ങൾക്കും സഹായമായി. എങ്കിലും ജീവിതം വല്ലാതെ ദുസ്സഹമായപ്പോഴാണ് സങ്കടവും നിരാശയും നിറഞ്ഞ് നിക്ക് പലതവണ ജീവിതമെടുക്കാൻ തുനിഞ്ഞത്.

പക്ഷെ അവന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയായിരുന്നു. ഒടുവിൽ ഒരുനാൾ അവൻ ഒരു തീരുമാനമെടുത്തു.

താൻ ജീവിതത്തെ വെറുക്കുന്തോറും തന്നെ ഇത്രമേൽ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന മാതാപിതാക്കളെയും സഹോദരങ്ങളെയും അത് വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. അതുകൊണ്ട് അവരെ സന്തോഷിപ്പിക്കാൻ ഞാൻ ജീവിതത്തെ സ്നേഹിച്ചുതുടങ്ങും.

കാലിന്റെ സ്ഥാനത്തുള്ള കുഞ്ഞുവിരലുകൾകൊണ്ടു അവൻ ഏറെ ക്ലേശിച്ചാണെങ്കിലും എഴുതാനും ചിത്രം വരയ്ക്കാനും ശ്രമിച്ചുതുടങ്ങി. പതിയെ അവൻ നീന്താൻ പഠിച്ചു. ചെറിയ ചില വിനോദങ്ങളിൽ ഏർപ്പെട്ടു. സുഹൃത്തുക്കളായി, ജീവിതത്തിനു ചെറിയ വ്യത്യാസം വന്നതുപോലെ അവനു തോന്നിത്തുടങ്ങി.

പതിമൂന്നുവയസ്സുള്ളപ്പോൾ നിക്കിനെ ഏറെ ചിന്തിപ്പിച്ച ഒരു അനുഭവം ഉണ്ടായി. എല്ലാ കാര്യങ്ങളും ചെയ്യാൻ അവന് ആകെയുണ്ടായിരുന്ന കുഞ്ഞുപാദത്തിന് ഗുരുതരമായ മുറിവേറ്റു. പരിക്കുപറ്റി നിസ്സഹായനായി കിടന്ന നാളുകളിൽ അവൻ ഇങ്ങനെ ചിന്തിച്ചു.

ഇനിമേൽ ഞാൻ എനിക്ക് ഇല്ലാത്തവയെപറ്റി പരാതിപ്പെടില്ല. ഉള്ളവയെ ഓർത്ത് ദൈവത്തിന് നന്ദിപറയാൻ ശ്രമിക്കും.

ഈ ചിന്ത അവന്റെ ജീവിതത്തെയാകെ സ്വാധീനിച്ചുതുടങ്ങി. ആ നാളുകളെക്കുറിച്ച് നിക്ക് പറയുന്നതിങ്ങനെയാണ്.

ഞാൻ ആ ദിവസങ്ങളിൽ ദൈവവുമായി ആഴമേറിയ ഒരു ബന്ധം സ്ഥാപിച്ചുതുടങ്ങി. അന്നുവരെ പഴിച്ചിരുന്ന ദൈവത്തിന് ഞാൻ എല്ലാ കാര്യങ്ങൾക്കും നന്ദി പറഞ്ഞുതുടങ്ങി. രണ്ടു കയ്യും കാലുമില്ലെങ്കിലും അവിടുന്ന് എനിക്ക് ഈ സുന്ദരമായ ഭൂമിയിൽ ഒരു ജീവിതം തന്നിട്ടുണ്ടല്ലോ.

മനോഭാവത്തിൽ വന്ന ഈ വ്യത്യാസം അവന്റെ ജീവിതമാകെ മാറ്റിമറിച്ചു. അന്നുവരെ തനിച്ചിരുന്നു കണ്ണുനീർവാർത്തിരുന്ന അവനിപ്പോൾ കുസൃതികൾ കാട്ടി മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ തുടങ്ങി.

മറ്റുള്ളവരുടെ മുഖങ്ങളിൽ പുഞ്ചിരി വിടർത്തുന്നതാണ് ജീവിതത്തിന് യഥാർത്ഥത്തിൽ അർത്ഥം നൽകുന്നതെന്നു അവൻ തിരിച്ചറിഞ്ഞു.

നിക്കിന് പതിനേഴ് വയസ്സുള്ളപ്പോൾ സ്ക്കൂളിലെ ഒരു തൂപ്പുകാരൻ അവനോട് ഒരിക്കൽ ഇങ്ങനെ ചോദിച്ചു. നിക്ക് നിക്ക് നിനക്ക് നിന്റെ ഈ ജീവിതത്തെക്കുറിച്ചും നീ ഇപ്പോൾ അനുഭവിക്കുന്ന സന്തോഷത്തേക്കുറിച്ചും മറ്റുകുട്ടികളോട് പങ്കുവെച്ചുകൂടെ. അവരൊക്കെ എന്ത് നിസ്സാരമായ കാര്യങ്ങളെക്കുറിച്ചാണ് വെറുതേ വ്യസനിച്ചുകഴിയുന്നത്. നീ തീർച്ചയായും അവർക്കൊക്കെ ഒരു പ്രചോദനമാകും.

അങ്ങനെയാണ് നിക്ക് ആദ്യമായി ഏതാണ്ട് മുപ്പത് കുട്ടികളടങ്ങുന്ന സ്ക്കൂളിലെ ഒരു ചെറിയ ഗ്രൂപ്പിനോട് തന്റെ കഥ പറഞ്ഞത്.

ഏതാനും നാളുകൾക്കുള്ളിൽതന്നെ തന്റെ ജീവിതകഥ സ്ക്കൂളിലെ മറ്റു ക്ലാസ്സ്റൂമിലും പങ്കുവെയ്ക്കുവാൻ അദ്ധ്യാപകർ അവനെ പ്രേരിപ്പിച്ചു. ഒരിക്കൽ അവന് ഏതാണ്ട് മുന്നൂറോളം പത്താംക്ലാസ്സ് വിദ്യാർത്ഥികളടങ്ങുന്ന ഒരു ഗ്രൂപ്പിനോട് സംസാരിക്കാൻ അവസരം കിട്ടി.

ആദ്യമായി അത്രയും വലിയ ഒരു ഗ്രൂപ്പിനെ അഭിമുഖീകരിച്ച് സംസാരിച്ചപ്പോൾ വല്ലാതെ ഭയന്നാണത്രെ അവൻ സ്റ്റേജിൽ നിന്നത്. എന്നാൽ അവൻ സംസാരിച്ചുതുടങ്ങി രണ്ടുമൂന്നു മിനിട്ടുകൾ കഴിഞ്ഞപ്പോൾതന്നെ കുട്ടികൾ പലരുടെയും കണ്ണുകൾ നിറഞ്ഞു. ഒരു പെൺകുട്ടി ഏങ്ങലടിച്ചു കരഞ്ഞുതുടങ്ങി. അവൾ എഴുന്നേറ്റ് നിന്ന് ഇങ്ങനെ ചോദിച്ചു.

നിക്ക് നിന്നെ ഞാൻ തടസ്സപ്പെടുത്തുന്നതിൽ ക്ഷമിക്കണം. എനിക്ക് നിന്നെ ഒന്ന് കെട്ടിപ്പിടിക്കാൻ തോന്നുന്നു.

അവൾ എഴുന്നേറ്റുവന്ന് നിക്കിനെ പുണർന്നുകൊണ്ട് ചെവിയിൽ മന്ത്രിച്ചു. നന്ദി നിക്ക്. ഇന്നുവരെ ഞാൻ എത്രമാത്രം സ്നേഹയോഗ്യയാണെന്നും എന്തുമാത്രം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവളാണെന്നും ഞാൻ ചിന്തിച്ചിരുന്നില്ല. താങ്കൾ എന്റെ കണ്ണുതുറപ്പിച്ചു.

പ്രസംഗം കഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം വന്ന് നിക്കിനെ കെട്ടിപ്പിടിച്ച് ആനന്ദകണ്ണീർവാർത്തു അഭിനന്ദിക്കുകയും തങ്ങളെ പ്രചോദിപ്പിച്ചതിന് നന്ദി പറയുകയും ചെയ്തു.

അന്നുമുതൽ പിന്നീടങ്ങോട്ട് നിക്കിന് പിന്തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. ഇതിനോടകം 60 രാജ്യങ്ങളിലായി 3000-ൽ അധികം വേദികളിൽ നിക്ക് പതിനായിരങ്ങളോട് ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചും മനോഭാവത്തിൽ വരുത്തുന്ന പോസിറ്റീവായ ഒരു മാറ്റത്തിലൂടെ എങ്ങനെ ജീവിതമാകെ മാറ്റിമറിക്കാമെന്നതിനെക്കുറിച്ചും ഹൃദയസ്പർശിയായി സംസാരിച്ചുകഴിഞ്ഞു.

നിക്കിന്റെ ശ്രോതാക്കളിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, കമ്പനി മാനേജർമാർ, ശ്രേഷ്ഠ നേതാക്കൾ ഒക്കെ ഉൾപ്പെടുന്നു. ഗ്രിഫിത്ത് യൂണിവേഴ്സിറ്റിയിൽനിന്നും കൊമേഴ്സിൽ ബിരുദമെടുത്ത് നിക്ക് ഇന്ന് ലൈഫ് വിത്തൗട്ട് ലിംബസ് എന്ന സംഘടനയുടെ സ്ഥാപകനും ചെയർമാനുമാണ്.

ഈ സംഘടനയിലൂടെ വളരെയേറെ ജീവകാരുണ്യപ്രർത്തനങ്ങൾ അയാൾ ചെയ്തുകഴിഞ്ഞു. നിക്ക് എഴുതിയ ലൈഫ് വിത്തൗട്ട് ലിംബസ് എന്ന പുസ്തകം ബെസ്റ്റ് സെല്ലർ ആയി. അദ്ദേഹം അഭിനയിച്ച ബട്ടർഫ്ളൈ സർക്കസ് എന്ന ഷോർട്ട്ഫിലിം അനവധി അവാർഡുകൾ നേടിക്കഴിഞ്ഞു. നിക്ക് പുറത്തിറക്കിയ നോ ആംസ് നോ ലെഗസ് നോ വറീസ് എന്ന ഡിവിഡി ലോകം മുഴുവൻ ശ്രദ്ധപിടിച്ചുപറ്റി.

എന്തിനേറെ രണ്ടു കയ്യും കാലുമില്ലാത്ത നിക്കിന്റെ ജീവിതത്തിലേക്ക് അതീവ സുന്ദരിയായ കനെ മിയാര എന്ന് പേരുള്ള ഒരു പെൺകുട്ടി ജീവിതസഖിയായെത്തി. രണ്ട് ആൺകുട്ടികളും കഴിഞ്ഞ ഡിസംബറിൽ ജനിച്ച ഇരട്ടപെൺകുട്ടികളുമടക്കം നാലുമക്കളുമായി അദ്ദേഹം തികഞ്ഞ സന്തോഷത്തോടെ കുടുംബജീവിതം നയിക്കുന്നു.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ കാത്തിരുന്നിട്ടും യാതൊരു അത്ഭുതവും സംഭവിക്കുന്നില്ലേ. എങ്കിൽ ഇനി വൈകണ്ട. നിങ്ങൾതന്നെ ഒരു അത്ഭുതമാകുക.

നിക്ക് എല്ലാ വേദികളിലും നൽകുന്ന ഒരു സന്ദേശമാണിത്. നിക്കിന്റെ അഭിപ്രായത്തിൽ എന്നെ ഒന്നിനും കൊള്ളില്ല എന്നതാണ് ഒരുവന് പറയാവുന്ന ഏറ്റവും വലിയ നുണ.

നമ്മളൊക്കെ തെറ്റുകൾ വരുത്താറുണ്ട് ജീവിതത്തിൽ. എന്നാൽ നമ്മെ നാമായിരിക്കുന്ന രൂപത്തിൽ, കുടുംബത്തിൽ, സാഹചര്യങ്ങളിൽ നമ്മെ സൃഷ്ടിച്ചതിലൂടെ ദൈവം ഒരു തെറ്റുവരുത്തുകയായിരുന്നില്ല. അങ്ങനെയാണെന്ന മട്ടിൽ സ്വന്തം ജീവിതത്തെ കാണുകയും അതനുസരിച്ച് പെരുമാറുകയും ചെയ്യുന്നെങ്കിൽ അതാണ് തെറ്റ്.

നിക്ക് തന്റെ ജീവിതത്തിലൂടെ നമുക്ക് തരുന്ന സന്ദേശമിതാണ്.

# വിദ്യാഭ്യാസരംഗത്ത് മാർ പീലക്സിനോസിന്റേത് അതുല്യ സേവനം : മാർ അത്താനാസിയോസ്

ചെങ്ങന്നൂർ : വിദ്യാഭ്യാസരംഗത്ത് അതുല്യ സേവനങ്ങൾ നൽകി എല്ലാ വിഭാഗത്തിന്റെയും ആദരവ് പിടിച്ചുപറ്റിയ മെത്രാപ്പോലീത്തായായിരുന്നു പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസെന്ന് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് പറഞ്ഞു. മാർ പീലക്സിനോസിന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ബഥേൽ മാർ ഗ്രിഗോറിയോസ് അരമനപ്പള്ളിയിൽ നടന്ന അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വേഷത്തിലെന്നപോലെ ജീവിതത്തിന്റെ സമസ്തമേഖലകളിലും ലാളിത്യം പുലർത്തി ക്രിസ്തുസ്നേഹം പകർന്നു നൽകിയ മഹാപുരോഹിതനായിരുന്നു മാർ പീലക്സിനോസെന്ന് ഫാ.ഡോ.ടി.ജെ. ജോഷ്വാ അനുസ്മരണ പ്രഭാഷണത്തിൽ പറഞ്ഞു.

ഫാ.വിൽസൺ ശങ്കരത്തിൽ, ഫാ.റെന്നി തോമസ്, സഭാമാനേജിംഗ് കമ്മിറ്റി അംഗം സുനിൽ പി.ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ. മാത്യു ഏബ്രഹാം, ഫാ.ജോർജ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

# ഫാ.ഡോ.ജേക്കബ് കര്യൻ സണ്ടേസ്ക്കൂൾ അസോസിയേഷൻ ഡയറക്ടർ ജനറൽ



കോട്ടയം : മലങ്കര ഓർത്തഡോക്സ് സഭ പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്ക്കൂൾ അസോസിയേഷൻ ഡയറക്ടർ ജനറലായി ഫാ.ജോ.ജേക്കബ് കുര്യനെ പ.കാതോലിക്കാ ബാവാ നിയമിച്ചു. നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ഇദ്ദേഹം 1978 മുതൽ 2015 വരെ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. മലങ്കരസഭാമാസികയുടെ ചീഫ് എഡിറ്ററായി ദീർഘകാലം പ്രവർത്തിച്ചു. സഭയുടെ ഇന്റർ ചർച്ച് റിലേഷൻ സെക്രട്ടറിയായിരുന്നു. അഖിലലോക സഭാകൗൺസിലിന്റെ ഫെയ്ത്ത് ആന്റ് ഓർഡർ സ്റ്റാന്റിംഗ് കമ്മീഷൻ അംഗവും ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാളുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# പൗരോഹിത്യ പ്ലാറ്റിനംജൂബിലി

റാന്നി : മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികരിലൊരാളും വയലത്തല മാർ സേവേറിയോസ് സ്ലീബാ പള്ളി ഇടവകാംഗവും ബാഹ്യകേരളാ, തുമ്പമൺ ഭദ്രാസനങ്ങളിലെ വിവിധ ദേവാലയങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും, സഭാമാനേജിംഗ് കമ്മിറ്റി അംഗമായി സഭയുടെ വിവിധ ശ്രേണികളിൽ പ്രവർത്തിക്കുകയും ചെയ്ത വന്ദ്യ എം.എം.മാത്യൂസ് ഓലിക്കൽ കോർഎപ്പിസ്കോപ്പായുടെ പൗരോഹിത്യ ശുശ്രൂഷയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാറ്റിനം ജൂബിലി സമ്മേളനം രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ.കുര്യൻ എം.പി. ഉദ്ഘാടനം ചെയ്തു. ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ മുഖ്യ അനുഗ്രഹപ്രഭാഷണവും ഫാ.ഡോ.എം.ഒ.ജോൺ മുഖ്യപ്രഭാഷണവും, രാജു ഏബ്രഹാം എം.എൽ.എ., ഫാ.ലെസ്ലി പി.ചെറിയാൻ, ◌ാ. എബി വർഗീസ് തുടങ്ങിയവർ ആശംസാപ്രസംഗങ്ങളും നടത്തി.